യൂണിറ്റ് - 2

അടിസ്ഥാന നൈപുണികൾ 20 മണിക്കൂർ

ഉള്ളടക്കം

2.1 ശ്രവണം

2.2 ഭാഷണം

2.3 വായന

2.4 ലേഖനം

2.5 പദാവലീവികസനം

യൂണിറ്റ്- 2
അടിസ്ഥാന നൈപുണികൾ

ഭാഷ എന്നത് ബൗദ്ധികവും സാമൂഹികവും മന:ശാസ്ത്രപരവുമായ പല ശേഷികളുടെയും ധാരണകളുടെയും സങ്കലനമാണ്. എന്നാൽ, ഭാഷാബോധനത്തിൽ ശ്രവണം, ഭാഷണം, വായന, ലേഖനം എന്നീ നാല് അടിസ്ഥാന ശേഷികൾ വേർതിരിക്കാറുണ്ട്. രണ്ടാം ഭാഷാ പഠനത്തിലേതിനു പോലെ ഈ തരംതിരിവിന് മാതൃഭാഷാപഠനത്തിൽ സാംഗത്യമില്ലെങ്കിലും, ഭാഷാപഠനത്തിന്റെ ആദ്യതലത്തിൽ, ഈ ശേഷികളെ പ്രത്യേകമായി സമീപിക്കുന്നത് ബോധനത്തിനും പഠനത്തിനും പ്രായോഗികമായ ചില സൗകര്യങ്ങൾ നൽകുന്നുണ്ട്. ഒരു സമയം ഒരു ശേഷിയിൽ ഊന്നൽ നൽകാനും പിന്നീട് അവയെല്ലാം സങ്കലനം ചെയ്ത രീതിയിൽ സമീപിക്കാനും ഇത് അവസരം നൽകുന്നു. അതേ സമയം, ഒരു ഭാഷാശേഷിയും ഏകമായി നിലനിൽക്കുന്നില്ല എന്ന് തിരിച്ചറിയേണ്ടതുണ്ട്. പഠിതാവിനെ സംബന്ധിച്ചിടത്തോളം ഒരോ ശേഷിയും മറ്റുള്ളവയുമായി ഇടകലർന്നു നിൽക്കുന്നു. ഭാഷണം ശ്രവിക്കുമ്പോൾത്തന്നെ താൻ പറയാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളെക്കുറിച്ച് പഠിതാവ് ചിന്തിക്കുകയായിരിക്കും. വായിച്ച കാര്യങ്ങളെക്കുറിച്ച് ചിന്തിച്ചുകൊണ്ടായിരിക്കാം എഴുതുന്നത്. ഇത്തരത്തിൽ നൈപുണികൾ എല്ലാം തന്നെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഭാഷയുടെ ഉപയോഗം പോലെ തന്നെ ബോധനവും പഠനവും ഭാഷയെ സമഗ്രരൂപത്തിൽ പ്രയോഗിച്ചുകൊണ്ടായിരിക്കണം ഏറെയും നടക്കേണ്ടത്. ഓരോ ശേഷിയും പരസ്പരം പ്രബലനം ചെയ്യുന്ന രീതിയിലായിരിക്കണം ബോധനസമീപനം വികസിപ്പിക്കേണ്ടത്. ഭാഷാനൈപുണികളെ വേർതിരിച്ചിരിക്കുന്നതും അടിസ്ഥാന നൈപുണികൾക്ക് പ്രത്യേക പ്രാധാന്യം നൽകി അവതരിപ്പിച്ചിരിക്കുന്നതും ഭാഷ എന്ന സങ്കീർണ ശേഷിയെക്കുറിച്ച് ധാരണയുണ്ടാകാനും ബോധനം ഫലപ്രദമാക്കാനുള്ള പ്രായോഗിക രീതികൾ ആവിഷ്കരിക്കാനുള്ള സൗകര്യത്തിനും മാത്രമാണ്.

2.1 ശ്രവണം-ബോധന രീതികൾ

ആദ്യമായി വിദ്യാലയത്തിലെത്തുന്ന കുട്ടികളിൽ സ്വാഭാവികമായി വികസിച്ചിട്ടുള്ളതും അവർ നിത്യജീവിതത്തിൽ ധാരാളമായി ഉപയോഗിച്ചിട്ടുള്ളതുമായ നൈപുണികളാണ് ശ്രവണവും ഭാഷണവും. വായന, ലേഖനം എന്നിവയെ അപേക്ഷിച്ച് ഈ നൈപുണികളുടെ കാര്യത്തിൽ അധ്യാപകർക്കുള്ള ദൗത്യം വ്യത്യസ്തമാണ്. പഠിതാവിനു പരിചിതമായതും സ്വാഭാവികവുമായ സന്ദർഭങ്ങളിൽ നിന്നു മാറി, ഔപചാരിക സന്ദർഭങ്ങളിലും നിശ്ചിത ലക്ഷ്യങ്ങളോടുകൂടിയും ഈ നൈപുണികൾ ഉപയോഗിക്കുകയും ഈ ദിശയിൽ അവ വളർത്തിയെടുക്കുകയുമാണ് ശ്രവണ-ഭാഷണ ബോധനത്തിന്റെ ലക്ഷ്യം.

ആദ്യഘട്ടത്തിലെ ശ്രവണ ബോധനം പ്രധാനമായും രണ്ടുകാര്യങ്ങൾക്കാണ് ഊന്നൽ നൽകേണ്ടത്:

1. തന്റേതിൽ നിന്നു വ്യത്യസ്തമായ ഉച്ചാരണം ശ്രവിക്കാനും അത് ഏതു രീതിയിലാണ് വ്യത്യാസപ്പെടുന്നതെന്ന് മനസ്സിലാക്കാനും പഠിതാവിനെ പരിശീലിപ്പിക്കുക. ഇവിടെ ഏറ്റവും പ്രധാനം അധ്യാപകൻ ഉദ്ദേശിക്കുന്ന ശബ്ദം പഠിതാവിന് വിവേചിച്ചറിയാൻ കഴിയുന്നു എന്ന് ഉറപ്പു വരുത്തുന്നതാണ്. രാത്രി എന്നത് 'ലാത്തിരി' എന്നുച്ചരിക്കുന്ന ഒരു പഠിതാവ് അധ്യാപകന്റെ 'രാത്രി' എന്ന ഉച്ചാരണം ഭൗതികമായി കേൾക്കുമ്പോഴും

അവന്റെ മനസ്സ് അത് ‘ലാത്തിരി’ എന്നാണ് വ്യാഖ്യാനിക്കുന്നത്. അതിനാൽ അധ്യാപകൻ ഉദ്ദേശിക്കുന്ന ശബ്ദം പഠിതാവ് ശ്രവിച്ചു എന്നു മാത്രമല്ല, അത് വിവേചിച്ചറിയുന്നു എന്നും ഉറപ്പുവരുത്തേണ്ടതുണ്ട്. കേൾവിയിൽ നിന്ന് വിവേചനത്തിലേക്ക് (ശ്രവണത്തിൽ നിന്ന് ശ്രദ്ധയിലേക്ക്) പഠിതാവിനെ നയിക്കാൻ പ്രത്യേക പരിശീലനം നൽകേണ്ടതാണ്.

2. പഠിതാവിന് നിത്യജീവിതത്തിൽ പരിചിതമായ ലളിതമായ ചോദ്യങ്ങളോ നിർദേശങ്ങളോ ശ്രവിച്ച് പ്രതികരിക്കുക എന്ന ശേഷി വികസിപ്പിച്ച്, താരതമ്യേന ദീർഘമായ ഭാഷണ ശകലങ്ങൾ, നിർദേശങ്ങൾ, വിവരണങ്ങൾ എന്നിവ ശ്രവിച്ച് വിവരസ്വീകരണം നടത്താനുള്ള കഴിവ് വളർത്തുക. പാഠപുസ്തകമോ മറ്റു പുസ്തകങ്ങളോ അധ്യാപകനോ സഹപാഠികളോ വായിക്കുക, റേഡിയോ-ടെലിവിഷൻ പരിപാടികൾ കേൾക്കുക, കഥ പറയുന്നത് കേൾക്കുക പ്രഭാഷണങ്ങൾ ശ്രവിക്കുക തുടങ്ങിയ നിരവധി സന്ദർഭങ്ങളിൽ ആവശ്യമുള്ള ശ്രവണശേഷികളും വികസിപ്പിക്കേണ്ടതുണ്ട്. ഇവിടെയൊക്കെ സങ്കീർണവാക്യങ്ങളിലൂടെ അവതരിപ്പിക്കപ്പെടുന്ന ആശയങ്ങളുടെ അവതരണം ഏതു രീതിയിൽ ചിട്ടപ്പെടുത്തിയിരിക്കുന്നു എന്നതും ശ്രവണത്തിലൂടെ മനസ്സിലാക്കാൻ പഠിതാവിന് കഴിയണം. ഇതും പ്രത്യേക ശ്രദ്ധയും പരിശീലനവും ആവശ്യമുള്ള മേഖലയാണ്.

ശ്രവണ പരിശീലനത്തിന് താഴെ നൽകിയിരിക്കുന്ന തരത്തിലുള്ള അഭ്യാസങ്ങൾ ഉപയോഗിക്കാം.

- നൽകിയിരിക്കുന്ന വാക്കുകൾ അധ്യാപകൻ ഉറക്കെ വായിക്കുന്നു. എല്ലാ വാക്കുകളും ഒരു പോലെയാണോ എന്ന് പറയാനാവശ്യപ്പെടുന്നു.

ഉദാ.
- അടയ്ക്കുക അടക്കുക അടയ്ക്കുക
- വയ്ക്കുക വയ്ക്കുക വെയ്ക്കുക
- വറക്കുക വരയ്ക്കുക വരയ്ക്കുക

- വായിച്ചുകേട്ട പാഠഭാഗത്തിൽ നിന്നുള്ള പദങ്ങൾ എഴുതുക/ പറയുക
- വായിച്ചുകേട്ട പാഠഭാഗം/കഥയിൽ നിന്നുള്ള സംഭാഷണ ശകലം ഉദ്ധരിക്കുക
- വായിച്ചുകേട്ട പാഠഭാഗത്തിൽ നിന്നുള്ള ആശയങ്ങൾ പറയുക
- വായിച്ചുകേട്ട കഥയിലെ സംഭാഷണത്തിൽ വിവിധ കഥാപാത്രങ്ങൾ വിവിധസന്ദർഭങ്ങളിൽ പ്രകടിപ്പിക്കുന്ന വികാരം തിരിച്ചറിയുക/അവതരിപ്പിക്കുക.
- ഔപചാരികവും അനൗപചാരികവുമായ ഭാഷ കേട്ട് മനസ്സിലാക്കുക/പ്രതികരിക്കുക
- തന്റേതിൽ നിന്നു വ്യത്യസ്തമായ ഭാഷാഭേദങ്ങൾ കേട്ട് പരിമിതമായ രീതിയിലെങ്കിലും ആശയം മനസ്സിലാക്കുക.

2.2 ഭാഷണം

കുടുംബാംഗങ്ങളോടും കൂട്ടുകാരോടും വീട്ടിലെത്തുന്ന മറ്റുള്ളവരോടും പല സന്ദർഭങ്ങളിൽ സംസാരിച്ച് പല ഭാഷണ നൈപുണികളും സ്വായത്തമാക്കിയ പഠിതാവാണ് സ്കൂളിലെത്തുന്നത്. ഈ ഭാഷണ നൈപുണിയെ വ്യത്യസ്ത സന്ദർഭങ്ങളിലും (പ്രത്യേകിച്ച് അനൗപചാരിക സന്ദർഭങ്ങളിൽ) വ്യത്യസ്ത ലക്ഷ്യങ്ങൾക്കും (ഉദാ: ഒരു പ്രത്യേക വിഷയത്തെ കുറിച്ച് സംസാരിക്കുക) അനുഗുണമായ രീതിയിൽ വികസിപ്പിക്കുക എന്നതാണ് പ്രൈമറി തലത്തിലെ ഭാഷണ ബോധനത്തിന്റെ ലക്ഷ്യം. ഭാഷാഭേദത്തിന്റെ സ്വാധീനം കാരണമോ

മറ്റുകാരണങ്ങളാലോ ഉണ്ടായേക്കാവുന്ന ഉച്ചാരണ പ്രശ്നങ്ങൾ തിരുത്തുകയും വേണം. ഇതിനായി പലതരത്തിലുള്ള ഭാഷണാവസരങ്ങൾ പഠിതാവിന് ക്ലാസ്സ്മുറിയിൽ ലഭിക്കണം.

പഠിതാവിനു ലഭിക്കേണ്ട ഭാഷണ അവസരങ്ങൾ

- ഔപചാരികവും അനൗപചാരികവുമായി ഭാഷണം ചെയ്യുക.
- രണ്ടുപേർ ചേർന്ന്/ചെറിയ സംഘങ്ങളായി/ക്ലാസ്സിലെ എല്ലാ വിദ്യാർഥികളും ഉൾപ്പെട്ട സംഘങ്ങളായി ഭാഷണം ചെയ്യുക.
- ആശയങ്ങൾ വിശദമായി പരിശോധിക്കാനായി ഭാഷണം നടത്തുക.
- വികാരങ്ങളും അഭിപ്രായങ്ങളും പ്രകടിപ്പിക്കാനായി ഭാഷണം നടത്തുക.
- ചോദ്യം ചെയ്യാനും സ്വന്തം വാദഗതികൾ ഉയർത്താനും ഭാഷണം നടത്തുക.
- നിർദേശങ്ങൾ നൽകാനായി ഭാഷണം നടത്തുക.
- ചോദ്യങ്ങൾ ചോദിക്കാനും ഉത്തരങ്ങൾ നൽകാനും ഭാഷണം നടത്തുക
- ആസൂത്രണം ചെയ്യാനും വിലയിരുത്താനും ഭാഷണം നടത്തുക
- ഒരു പ്രത്യേക വിഭാഗം കേഴ്വിക്കാരോട് സംസാരിക്കാൻ ഭാഷണം നടത്തുക.

സംസാരഭാഷയുടെ പ്രത്യേകതകളും ഔപചാരികവും അനൗപചാരികവുമായ സന്ദർഭങ്ങളിൽ അതിലുണ്ടാകുന്ന മാറ്റങ്ങളും കണക്കിലെടുത്തുകൊണ്ടായിരിക്കണം പ്രവർത്തനങ്ങളും ബോധനരീതികളും ഇവിടെ ആവിഷ്കരിക്കേണ്ടത്.

സംസാരഭാഷയുടെ പ്രത്യേകതകൾ

സംസാരഭാഷയ്ക്ക് ഒരു പ്രത്യേക സന്ദർഭമുണ്ട്. അതിൽ പങ്കെടുക്കുന്നവർ തമ്മിലുള്ള ബന്ധവും ഭാഷയുടെ രീതികളെ സ്വാധീനിക്കുന്നുണ്ട്. ഈ രണ്ടു ഘടകങ്ങൾ ലിഖിത ഭാഷയെ സ്വാധീനിക്കുന്നില്ല. അതിനാൽ, ലിഖിത ഭാഷയിൽ ഓരോ ആശയവും സുവ്യക്തമാം വിധം വിശദമാക്കുന്ന രീതിയാണ് പൊതുവെ പിൻതുടരുന്നത്. എന്നാൽ, സംസാര ഭാഷയിൽ വാക്യങ്ങളും വാക്കുകളും ചുരുക്കിയെടുക്കുകയും, കേൾവിക്കാരന്റെ മുന്നറിവിനെ ആസ്പദമാക്കി ചില കാര്യങ്ങൾ പ്രകടിപ്പിക്കാതെ വിടുകയും ചെയ്യുന്നുണ്ട്. സംസാരഭാഷയുടെ മറ്റൊരു പ്രത്യേകത അതിന് ഔപചാരികവും അനൗപചാരികവുമായ രൂപഭേദങ്ങൾ ഉണ്ട് എന്നതാണ്. വീട്ടിൽ സംസാരിക്കുമ്പോഴും സുഹൃത്തുക്കളോട് സംസാരിക്കുമ്പോഴും ഉപയോഗിക്കുന്ന പദങ്ങളും വാക്യഘടനയുമല്ല ഔപചാരികമായ ഭാഷണത്തിൽ ഉപയോഗിക്കുന്നത്. ഔപചാരിക ഭാഷണത്തിന്റെ രീതികൾ ക്രമേണ ആർജിക്കുക എന്നത് ഭാഷണ പരിശീലനത്തിന്റെ ഒരു മുഖ്യ ലക്ഷ്യമാണ്. സംസാരഭാഷ വ്യാകരണപരമായ ചില പ്രത്യേകതകളും പ്രകടിപ്പിക്കുന്നുണ്ട്. പല ഉപവാക്യങ്ങൾ ഒരു സങ്കീർണ വാക്യത്തിനകത്ത് അടങ്ങിയിരിക്കുക, പല വാക്യങ്ങൾ ശ്രേണിയായി ബന്ധിപ്പിച്ചിരിക്കുക, വാക്യങ്ങൾക്കിടയ്ക്ക് ബന്ധപദങ്ങൾ ഉപയോഗിക്കുക, ഒരു കാര്യം പറയാനാരംഭിച്ചത് മുഴുമിപ്പിക്കാതെ മറ്റൊന്നിലേക്ക് പോവുക, തുടങ്ങിയവയെല്ലാം സംസാരഭാഷയിൽ പ്രകടമാണ്. ഭാഷാഭേദങ്ങളാണ് ലിഖിതഭാഷയിൽ നിന്ന് സംസാരഭാഷയെ വ്യത്യസ്തമാക്കുന്ന മറ്റൊരു ഘടകം. ഭാഷേതര സവിശേഷതകൾ (Paralinguistic features - ആംഗ്യങ്ങൾ, മുഖത്തു പ്രകടിപ്പിക്കുന്ന വികാരങ്ങൾ) ഈണം, ഊന്നൽ, താളം (prosodic features) തുടങ്ങിയവയും സംസാരഭാഷയ്ക്ക് പ്രത്യേക അസ്തിത്വം നൽകുന്നു.

ഭാഷണം-ഔപചാരികവും അനൗപചാരികവും

ഭാഷ ഉപയോഗിക്കുന്ന വിവിധ സന്ദർഭങ്ങൾ അധ്യാപകൻ വിദ്യാർഥികളിൽ നിന്ന് ചോദിച്ച് പട്ടികപ്പെടുത്തുന്നു. (ഉദാ: വീട്ടിൽ, വേദികളിൽ, മീറ്റിങ്ങുകളിൽ, അഭിമുഖത്തിൽ, കമ്പോളത്തിൽ, മുദ്രാവാക്യം വിളിക്കാനായി, ടെലിവിഷനിൽ...)

ഈ സന്ദർഭങ്ങളിലെല്ലാം നാം ഉപയോഗിക്കു ഭാഷ ഒരുപോലെയാണോ? എന്തുകൊണ്ട്? പൊതു ചർച്ച. ചർച്ചയുടെ ക്രോഡീകരണത്തിൽ താഴെ പറയു കാര്യങ്ങൾ പരിഗണിക്കുക.

- സന്ദർഭ വ്യത്യാസത്തിനനുസരിച്ച് ഭാഷ ഉപയോഗിക്കുന്ന രീതിയിൽ വ്യത്യാസം വരാം.-പദപ്രയോഗങ്ങളിൽ, വാക്യഘടനയിൽ, അഭിസംബോധനയിൽ..
- അനൗപചാരിക സന്ദർഭങ്ങളിൽ ഭാഷ പ്രാദേശികഭാഷാ ഭേദത്തോട് കൂടുതൽ അടുത്തു നിൽക്കുന്നു.
- ഔപചാരിക സന്ദർഭങ്ങളിലെ ഭാഷ മാനക ഭാഷയോട് കൂടുതൽ അടുത്തു നിൽക്കുന്നു.
- ഔപചാരിക സന്ദർഭങ്ങളിൽ വാക്യങ്ങൾ പൂർണവും പദക്രമത്തിനും പദപ്രയോഗങ്ങൾക്കും നിശ്ചിതമായ രീതികൾ പിൻതുടരുന്നതുമായിരിക്കും.
- അനൗപചാരിക സന്ദർഭങ്ങളിൽ വാക്യങ്ങൾ അപൂർണമാകാം. ഭാഷകന്റെ വ്യക്തിപരമായ ഭാഷണസവിശേഷതകൾ ഇവിടെ കൂടുതലായി പ്രകടമാകുന്നു.

ഭാഷണവും സന്ദർഭവും : ഭാഷണ സന്ദർഭങ്ങൾ ഭാഷണത്തെ ശക്തമായി സ്വാധീനിക്കുന്നു. രണ്ടു കുട്ടികൾ തമ്മിൽ സംസാരിക്കുന്നതും, ഒരു ചെറു സംഘത്തിൽ സംസാരിക്കുന്നതും, ക്ലാസ്സിലെ എല്ലാ കുട്ടികളും സംസാരിക്കുന്നതും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ഒരു കുട്ടി ഈ സന്ദർഭങ്ങളിലെല്ലാം ഒരേ സ്വാതന്ത്ര്യത്തോടെയും പങ്കാളിത്തത്തോടെയും പെരുമാറുകയില്ല. ഒരു ചോദ്യം ചോദിച്ച ശേഷം ഉത്തരം നൽകാൻ അധ്യാപകൻ എത്ര നേരം നൽകുന്നു എന്നത് സ്വാഭാവികമായ ഭാഷണത്തെ സ്വാധീനിക്കുന്ന ഒരു ഘടകമാണ്. സാധാരണഗതിയിൽ, അധ്യാപകർ ഒരു സെക്കൻഡിലേറെ ഉത്തരത്തിനായി കാത്തുനിൽക്കാറില്ല. അൽപം കൂടി സമയം ഉത്തരത്തിനായി കാത്തുനിൽക്കാൻ അധ്യാപകർ തയ്യാറായാൽ, കൂടുതൽ കുട്ടികൾ ഉത്തരം പറയുമെന്നും സ്വാഭാവികമായി ഭാഷണം നടത്തുമെന്നും പഠനങ്ങൾ സൂചിപ്പിക്കുന്നു. വിദ്യാർഥികൾ ഉത്തരം പറയുമ്പോൾ അധ്യാപകൻ ഏതു രീതിയിൽ പ്രതികരിക്കുന്നു എന്നും സംഭാഷണത്തെ സഹായിക്കുന്ന വിധത്തിൽ പ്രതികരണങ്ങൾ നടത്തുന്നുണ്ടോ എന്നതും ഭാഷണത്തിന്റെ സ്വാഭാവികതയെ സ്വാധീനിക്കുന്നു. ക്ലാസ് മുറിയിൽ പഠിതാക്കൾ സംസാരിക്കുന്നതും കേൾക്കുന്നതും നിരീക്ഷിച്ച് ഭാഷണത്തെ സന്ദർഭങ്ങൾ എങ്ങനെ സ്വാധീനിക്കുന്നു എന്നു കണ്ടെത്തുക. കണ്ടെത്തലുകൾ പട്ടികപ്പെടുത്തുക.

സ്വതന്ത്രവും സ്വാഭാവികവുമായ ഭാഷണത്തെ പ്രോത്സാഹിപ്പിക്കുന്ന ഘടകങ്ങൾ

-
-
-

സ്വതന്ത്രവും സ്വാഭാവികവുമായ ഭാഷണത്തിന് വിഘാതമാകുന്ന ഘടകങ്ങൾ

-
-
-

ഉച്ചാരണം പ്രത്യേകം പഠിപ്പിക്കേണ്ടതുണ്ടോ?

പഠിതാക്കൾ കേൾക്കുന്ന ഭാഷണത്തിൽ നിന്ന് കൃത്യമായ ഉച്ചാരണം മനസ്സിലാക്കാനും ആവർത്തിക്കാനും അവർക്ക് സാധാരണ കഴിയാറുണ്ട്. അതിനാൽ മാതൃഭാഷാപഠനത്തിൽ ഉച്ചാരണത്തിന് പ്രത്യേക സ്ഥാനം നൽകേണ്ടതുണ്ടോ എന്ന് അധ്യാപകർ സംശയിക്കാറുണ്ട്. ഉച്ചാരണ പരിശീലനം മാതൃഭാഷാപഠനത്തിൽ ഉൾപ്പെടുത്തുകയാണെങ്കിൽ തന്നെ, ഭാഷണ പ്രവർത്തനങ്ങളിലൂടെ ഇത് സ്വാഭാവികമായി നിർവഹിക്കാമെന്നും പ്രത്യേക ഉച്ചാരണ അഭ്യാസങ്ങളുടെ ആവശ്യമില്ലെന്നും ചിലർ വാദിക്കാറുണ്ട്. മാതൃഭാഷാ പഠനത്തിൽ ഉച്ചാരണപരിശീലനത്തിന് അന്യഭാഷാ പഠനത്തിലുള്ളത്ര പ്രാധാന്യം ഇല്ല എന്നത് നിസ്തർക്കമാണ്. അതേ സമയം, പ്രത്യേക പരിശീലനം മാതൃഭാഷയിലും മെച്ചപ്പെട്ട ഉച്ചാരണം ഉണ്ടാകാൻ സഹായിക്കുന്നു എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

ഉച്ചാരണബോധനം

ഭാഷയുടെ അടിസ്ഥാനരൂപം വായ്മൊഴിയാണ്. ലിഖിതഭാഷയുടെ ആധാരം അതാണ്. ഉച്ചാരണത്തിന്റെ ശരിയായ അഭ്യസനം ഭാഷ സ്വാധീനമാക്കുന്നതിന് അത്യാവശ്യമാണ്. അതുകൊണ്ട് വചനാഭ്യസനത്തിന് അർഹിക്കുന്ന പ്രാധാന്യം നല്കേണ്ടതുണ്ട്. ലേഖനശേഷി സാമാന്യം നേടിക്കഴിഞ്ഞാൽ പോലും വചനാഭ്യാസനത്തിൽ നിഷ്ഠപുലർത്തിയേ തീരു.

ഉച്ചാരണ പരിശീലനത്തിൽ ഉൾപ്പെടുന്നത് എന്തൊക്കെയാണ്?

- ശബ്ദങ്ങൾ (സ്വനിമങ്ങൾ)
- ഊന്നൽ, ഈണം, താളം (stress, intonation and rhythm)
- വാക്യങ്ങൾ വായിക്കുമ്പോൾ അർഥത്തെ അടിസ്ഥാനമാക്കി വാക്കുകളെ പ്രത്യേക ഗണങ്ങളാക്കി അതിനനുയോജ്യമായ വിരാമങ്ങളും (pauses) ഈണവും നൽകുക

എന്തുകൊണ്ട് ഉച്ചാരണത്തെറ്റുകൾ ഉണ്ടാകുന്നു?

- പഠിതാവിന്റെ ഭാഷാഭേദത്തിന്റെ സ്വാധീനം
- അനൗപചാരിക ഭാഷയുടെ സ്വാധീനം
- ഉച്ചാരണ പ്രശ്നങ്ങൾ

ഉച്ചാരണം മെച്ചപ്പെടുത്താനുള്ള രീതികൾ

- ശബ്ദങ്ങൾ, പദങ്ങൾ, വാക്യങ്ങൾ എന്നിവ അധ്യാപകരുടെ മാതൃക/റിക്കോർഡ് ചെയ്ത മാതൃകകൾ കേൾപ്പിക്കുക
- പഠിതാവിന്റെ ഭാഷണം റിക്കോർഡ് ചെയ്ത് കേൾപ്പിച്ച് മറ്റൊരു മാതൃകയുമായി താരതമ്യം ചെയ്യാൻ അവസരം നൽകുക
- വിശദീകരണം (ഉച്ചാരണം എങ്ങനെ, ഉച്ചാരണാവയവങ്ങൾ ഏതുരീതിയിൽ ചലിപ്പിക്കണം തുടങ്ങിയവ)
- അനുകരണ അഭ്യാസങ്ങൾ (practice drills) - ശബ്ദങ്ങൾ, പദങ്ങൾ, വാക്യങ്ങൾ എന്നിവ ആവർത്തിക്കുക
- സംഘമായുള്ള അനുകരണ അഭ്യാസങ്ങൾ (choral practice drills)
- വ്യത്യസ്ത അനുകരണ അഭ്യാസങ്ങൾ സംഘം ചേർന്ന്(വേഗത, ഉച്ചത, ഭാവം എന്നിവയിൽ മാറ്റം വരുത്തിക്കൊണ്ടുള്ളവ)

- സംഭാഷണ ശകലങ്ങൾ (dialogues) പഠിക്കുകയും പറയുകയും ചെയ്യുക
- വാക്യങ്ങൾ, പദ്യങ്ങൾ, പഴഞ്ചൊല്ലുകൾ എന്നിവ പഠിച്ചു പറയുക
- കേട്ടെഴുതുക. പദങ്ങൾ, സമാന ഉച്ചാരണമുള്ള ശബ്ദങ്ങൾ അടങ്ങിയ പദങ്ങൾ, സന്ധി ഉൾപ്പെടുന്ന പദങ്ങൾ
- അൽപതമ ജോടികൾ (minimal pairs) ഉറക്കെ വായിക്കുക (ഉദാ.: കറ/കര, കല/കള, കറ്റ/കട്ട, കണ്ണ്/കന്ന്)

ക്ലാസ് നിരീക്ഷണത്തിലൂടെ കണ്ടെത്തുക

1. ഏറ്റവും കൂടുതലായുണ്ടാകുന്ന ഉച്ചാരണത്തെറ്റുകൾ
2. അവയുടെ കാരണം
3. അവയിൽ ഏറ്റവും പ്രധാനമായി തിരുത്തേണ്ടത് ഏവ?
4. സ്വാഭാവികമായി തിരുത്തപ്പെടാൻ സാധ്യതയുള്ള ഉച്ചാരണത്തെറ്റുകൾ ഏതൊക്കെ?
5. ഉച്ചാരണത്തെറ്റുകൾ ഏതുരീതിയിൽ പഠിതാവിന് വിശദീകരിച്ചുകൊടുക്കും?

ചില ഉച്ചാരണ പ്രശ്നങ്ങൾ

സംസ്കൃതത്തിൽ നിന്ന് കടം കൊണ്ട പദങ്ങളുടെ ഉച്ചാരണത്തിൽ പ്രശ്നങ്ങൾ സാധാരണയാണ്. ഉച്ചാരണത്തിൽ സൂക്ഷ്മവ്യത്യാസങ്ങളുള്ള ചില ശബ്ദങ്ങൾ ഒരു പോലെ ഉച്ചരിക്കുന്നതും സർവസാധാരണമാണ്. ഇത്തരം ചില പദങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ജ/ജ്ജ	ജ്ഞ	ഞ്ജ	ഞ്ച	ഞ്ഛ
			പദാദിയിൽ വരില്ല	
ജനനം	ജ്ഞാനം	അഞ്ജലി	സഞ്ചയനം	പിഞ്ഛിക
ജാതി	ജ്ഞാതി	സഞ്ജയൻ	പിഞ്ചി	വാഞ്ഛ
മജ്ജ	അജ്ഞൻ	ധനഞ്ജയൻ	വഞ്ചി	വാഞ്ഛിതം
		കുഞ്ജം	വഞ്ചിതം	ലുഞ്ഛനം
		അഞ്ജന	പുഞ്ച	ലാഞ്ഛനം
		മഞ്ജു	പാഞ്ചജന്യം	
			കഞ്ചാവ്	
			കുഞ്ചു	
			വഞ്ചന	
			മഞ്ചം	
			മഞ്ചാടി	
			മാഞ്ചിയം	

ണ്ഡ	ണ്ട	ണ്ഠ
പണ്ഡിതൻ	പണ്ട്	കുണ്ഠിതം
കണ്ഡിതം	കണ്ടം	കണ്ഠം
കുണ്ഡലം	വിണ്ടലം	കണ്ഠ്യം
പാണ്ഡവൻ	പാണ്ടി	ശണ്ഠ
ചണ്ഡി	ചാണ്ടി	ശുണ്ഠി
പാണ്ഡ്യൻ	പാണ്ടി	
കുണ്ഡിനം	കുണ്ട്	
കുണ്ഡം	ചുണ്ട്	
തുണ്ഡം	തുണ്ട്	

-ൻപ്-	-മ്പ-	-ംബ-	-ംഭ-
	സാമ്പാർ		
	ശമ്പളം	കംബളം	സംഭവം
	അമ്പത്	സംബോധന	ശംഭോ
	കമ്പ്	അംബുജം	കുംഭോദരൻ
	കുമ്പ	കുംബു	കുംഭു
	തുമ്പ		ശുംഭൻ
അൻപ് (ദയ)	അമ്പ് (ശരം)		
	ചെമ്പ്		
	കൊതുമ്പ്		
	കരിമ്പ്		
	കുശുമ്പൻ		

അവലംബം : 'ഉച്ചാരണം നന്നാവാൻ,' ഡോ. വി. ആർ പ്രബോധചന്ദ്രൻ നായർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

2.3 വായന-പ്രസക്തിയും പ്രാധാന്യവും

എന്താണ് വായന?

ഭാഷയുടെ ലിഖിത രൂപത്തിലൂടെ സൂചിപ്പിക്കുന്ന അർഥം ഗ്രഹിക്കുക എന്നതാണ് വായനയുടെ സാമാന്യ നിർവചനമെങ്കിലും, പല ശേഷികൾ ഇതിൽ അടങ്ങിയിരിക്കുന്നു.

- പല വാക്കുകളും ഒറ്റനോട്ടത്തിൽ തിരിച്ചറിയാനുള്ള കഴിവ് (sight reading)
- അനുയോജ്യമായ വേഗതയിൽ വായിക്കാനുള്ള കഴിവ്
- തനിക്കാവശ്യമായ വായനാസാമഗ്രികൾ തിരഞ്ഞെടുക്കാനും കണ്ടെത്താനുമുള്ള കഴിവ്
- വായനാപാഠത്തിൽ തനിക്കാവശ്യമായ വിവരം എവിടെയാണ് എന്ന് കണ്ടെത്താനുള്ള കഴിവ്

- ലേഖകന്റെ വാദഗതികൾ മനസ്സിലാക്കാനും തന്റേതായ അഭിപ്രായം രൂപികരിക്കാനുമുള്ള കഴിവ്
- ലേഖനത്തിന്റെ പൊതുസ്വഭാവം മനസ്സിലാക്കാനുള്ള കഴിവ്
- വ്യത്യസ്തതരം പാഠങ്ങൾ അനുയോജ്യമായ വായനാരീതികൾ ഉപയോഗിച്ച് വായിക്കാനുള്ള കഴിവ്
- വായനയിലൂടെ ലഭിക്കുന്ന ആശയങ്ങൾ/വിവരങ്ങൾ ലഭിക്കുന്ന ആശയങ്ങൾ/വിവരങ്ങൾ വിലയിരുത്താനുള്ള കഴിവ്
- വ്യത്യസ്ത തരം പാഠങ്ങൾ വായിക്കാനുള്ള പദാവലി ഉണ്ടായിരിക്കുക
- മുന്നറിവുകളുമായി ബന്ധിപ്പിച്ച് വായനാപാഠത്തെ ഗ്രഹിക്കാനും വ്യാഖ്യാനിക്കാനും കഴിയുക
- വായനയെ ഭാഷണവുമായും ലേഖനവുമായും ബന്ധിപ്പിക്കുക (വായിച്ച കാര്യങ്ങളെ കുറിച്ച് എഴുതുക, സംസാരിക്കുക)
- ആസ്വദിക്കാനും വിവരങ്ങൾ കണ്ടെത്താനുമായി വായിക്കാനുള്ള കഴിവ്

ഇത്തരം ശേഷികൾ ഒന്നുചേരുമ്പോഴാണ് വായന ഫലവത്തായിത്തീരുന്നത്. ഈ തലത്തിലേക്ക് പഠിതാവിന്റെ വായനാ ശേഷി വളർത്തിയെടുക്കാൻ വിദ്യാലയത്തിൽ നിന്നു ലഭിക്കുന്ന വായനാ അവസരങ്ങളിലൂടെയും അധ്യാപകരുടെ ഇടപെടലുകളിലൂടെയും കഴിയും. വായനയെ സംബന്ധിച്ചിടത്തോളം ബോധനത്തിന്റെ അടിസ്ഥാന തലവും ഉയർന്ന തലവും ഉണ്ട്. അക്ഷരങ്ങൾ പരിചയപ്പെടുകയും കൂട്ടിവായിക്കാൻ പഠിക്കുകയും ഉൾപ്പെടുന്ന ശേഷികൾ സ്വായത്തമാക്കുന്നതാണ് അടിസ്ഥാന തലം. വായിക്കുന്നതിന്റെ ആശയഗ്രഹണവുമായി ബന്ധപ്പെട്ടതാണ് ഉയർന്ന തലം. ഇവ ഓരോന്നും ഓരോ വിധത്തിൽ പ്രസക്തമാണ്.

അടിസ്ഥാന തലം

- പ്രതീകങ്ങളിലൂടെയുള്ള ആശയവിനിമയത്തിന്റെ പ്രാരംഭം
- പരിചിതമായ വസ്തുക്കൾക്കും ആശയങ്ങൾക്കും പ്രതീകങ്ങൾ നൽകുന്നതിലുള്ള ആഹ്ലാദം
- മുതിർന്നവർക്കുള്ള ഒരു കഴിവ് സ്വായത്തമാക്കൽ
- പുസ്തകങ്ങളുടെ ലോകത്തേക്കുള്ള ചുവടുവയ്പ്പ്

ഉയർന്ന തലം

- ലിഖിത ഭാഷയുടെ ചിട്ടകളും രീതികളുമായി ഇടപഴകൽ
- ആശയങ്ങളുടെയും വിവരങ്ങളുടെയും ലോകത്തേക്കുള്ള പ്രവേശകം
- സാഹിത്യവുമായി പരിചയപ്പെടൽ
- മറ്റുള്ളവരുടെ അനുഭവങ്ങളും ചിന്തകളും പരിചയപ്പെടൽ
- വായന എന്ന വൈയക്തികാനുഭവം
- വായനയുടെ സൗന്ദര്യതലം, ആസ്വാദനതലം

വായനയും അടിസ്ഥാന വിദ്യാഭ്യാസവും

ലക്ഷ്യങ്ങൾ

- ഭാഷയുടെ ലിഖിതരൂപം പരിചയപ്പെടുക
- ഭാഷയിലെ ലിഖിത ചിഹ്നങ്ങളും ശബ്ദങ്ങളും തമ്മിലുള്ള ബന്ധം തിരിച്ചറിയുക
- അക്ഷരങ്ങൾ, വാക്കുകൾ, വാക്യങ്ങൾ തുടങ്ങിയ ഘടകങ്ങൾ പരിചിതമാവുക
- ഉച്ചാരണവും ലേഖനവും തമ്മിലുള്ള ചില വ്യത്യാസങ്ങൾ തിരിച്ചറിയുക
- അക്ഷരങ്ങൾ ഒന്നുചേർന്നും പ്രത്യേകമായും വായിക്കാൻ കഴിയുക
- സാധാരണ ഉപയോഗിക്കുന്ന വാക്കുകൾ ഒറ്റ നോട്ടത്തിൽ തിരിച്ചറിയാൻ കഴിയുക (sight words)

വായന എന്തിന്?

- വായന ആസ്വാദനത്തിന്
- വായന വിജ്ഞാനത്തിന്

ഈ രണ്ടുതരം വായനയും അനുയോജ്യമായ രീതിയിൽ ഏകോപിപ്പിക്കണം.

വായനാസാമഗ്രികൾ

പഠിതാവിന് ലഭ്യമാകുന്ന വായനാസാമഗ്രികൾ വൈവിധ്യം പുലർത്തുന്നവയായിരിക്കണം. കഥകൾ, കവിതകൾ, വൈജ്ഞാനിക ലേഖനങ്ങൾ എന്നിവയിലേക്ക് ഒതുങ്ങിപ്പോകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. താഴെ നൽകിയിരിക്കുന്ന തരം വായനാസാമഗ്രികളെല്ലാം ക്ലാസ്മുറിയിൽ ഉപയോഗിക്കാം. ഇവ ഓരോന്നും വ്യത്യസ്തമായ വായനാനുഭവം നൽകാനും വ്യത്യസ്തമായ ഭാഷാഘടനകളും പദാവലിയും ആർജിക്കാനും സഹായിക്കും.

- നോവലുകൾ, ചെറുകഥകൾ, കഥകൾ, ഉപന്യാസങ്ങൾ, ഡയറിക്കുറിപ്പുകൾ, സംഭവവിവരണങ്ങൾ (anecdotes) ജീവചരിത്രം, നാടകങ്ങൾ, യാത്രാവിവരണം
- കവിത, പദ്യം
- കത്തുകൾ, കുറിപ്പുകൾ
- പത്രവാർത്തകൾ, മാസികകൾ (തലക്കെട്ടുകൾ, ലേഖനങ്ങൾ, മുഖപ്രസംഗങ്ങൾ, പത്രാധിപർക്കുള്ള കത്തുകൾ, പരസ്യങ്ങൾ, കാലാവസ്ഥാ റിപ്പോർട്ടുകൾ)
- സവിശേഷ മേഖലകളിലെ ലേഖനങ്ങൾ, റിപ്പോർട്ടുകൾ, അവലോകനങ്ങൾ
- പത്രികകൾ (pamphlets)
- പാഠപുസ്തകങ്ങൾ, കൈപ്പുസ്തകങ്ങൾ
- യാത്രാപത്രികകൾ (travel brochures)
- ക്യാറ്റലോഗുകൾ
- പസ്സിലുകൾ, പദപ്രശ്നങ്ങൾ
- നിർദേശങ്ങൾ, അപേക്ഷാഫോമുകൾ
- കോമിക്കുകൾ, കാർട്ടൂണുകൾ
- നിഘണ്ടുക്കൾ

വായനയുടെ ബോധനശാസ്ത്രം

വായനാ ബോധനം വിജയകരമാകണമെങ്കിൽ, വായനയിലേക്കു നയിക്കുന്ന അന്തരീക്ഷവും ഉത്തേജനം നൽകുന്ന അധ്യാപകരും ഉണ്ടായിരിക്കണം. വായനയുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും അനുയോജ്യമായ ബോധനരീതികൾ അനുവർത്തിക്കാനും അധ്യാപകർക്ക് കഴിയണം.

നല്ല വായനക്കാരനാകാനുള്ള ഉത്തേജനം നൽകൽ

- വിദ്യാലയത്തിലെ വായന യഥാർഥ ജീവിതത്തിലെ വായനയുമായി ബന്ധിപ്പിക്കൽ (ഉദാ: കുട്ടികൾ വീട്ടിൽ വായിക്കുന്ന മാസികകളോ ചിത്രകഥകളോ ക്ലാസ്സിൽ ഉപയോഗിക്കുക; കുട്ടിക്ക് പരിചിതവും താൽപര്യവുമുള്ള വിഷയങ്ങളെക്കുറിച്ച് വായിക്കാനുള്ള അവസരം ഒരുക്കുക)
- വായന ആഹ്ലാദകരമാക്കൽ (വായന ആഹ്ലാദകരമായ ഒരു അനുഭവമാണെന്ന് തിരിച്ചറിയുന്ന പഠിതാവിന് പരപ്രേരണ കൂടാതെ തന്നെ വായനയിലേക്ക് തിരിയാനുള്ള താത്പര്യം ജനിക്കുന്നു. ബോധനത്തിന്റെ ആദ്യഘട്ടത്തിൽ ഇക്കാര്യത്തിന് പ്രത്യേക പ്രാധാന്യം നൽകണം. രസകരമായ കഥകളും ഈണമുള്ള കവിതകളും ഭാവത്തോടെ വായിച്ചുകേൾപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിനായി ഉപയോഗിക്കാം)

ക്ലാസ് മുറിയിലെ അന്തരീക്ഷം

- വായനാ സാമഗ്രികൾ നിറഞ്ഞ അന്തരീക്ഷം
- വ്യത്യസ്ത തരം പുസ്തകങ്ങൾ
- വായനയ്ക്ക് ധാരാളം സമയം ലഭ്യമാക്കൽ
- വായനയ്ക്ക് സഹായകരമായ പദാവലി കെട്ടിപ്പടുക്കൽ

വായനയെ മറ്റു ശേഷികളുമായി ബന്ധിപ്പിക്കൽ

- ഭാഷണത്തെയും വായനയെയും ബന്ധിപ്പിക്കൽ (വായിച്ച കാര്യങ്ങൾ ചുരുക്കിപ്പറയുക, വായിച്ച ലേഖനത്തെയോ കഥയെയോ കുറിച്ച് സംസാരിക്കുക, മറ്റുള്ളവർക്കുവേണ്ടി വിശദീകരിച്ചുകൊടുക്കുക, വായിച്ചു മനസ്സിലാക്കിയ കാര്യങ്ങളെ ആസ്പദമാക്കി ലഘുപ്രഭാഷണം നടത്തുക, വായിച്ചതിനെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഉത്തരം പറയുക.)
- വായനയെയും എഴുത്തിനെയും ബന്ധിപ്പിക്കൽ (വായിച്ചു മനസ്സിലാക്കിയതിനെ ആസ്പദമാക്കി കുറിപ്പുകൾ തയ്യാറാക്കുക, സ്വന്തം പ്രതികരണം എഴുതുക, മുഖ്യ ആശയങ്ങൾ പട്ടികപ്പെടുത്തുക, വിവിധ വായനാ പാഠങ്ങൾ ഉപയോഗിച്ച് ഉപന്യാസം തയ്യാറാക്കുക തുടങ്ങിയവ)

വായനയിലെ ശേഷികൾ

അടിസ്ഥാന ശേഷികൾ

- അക്ഷര രൂപങ്ങൾ തിരിച്ചറിയൽ
- അക്ഷര സങ്കലനങ്ങൾ തിരിച്ചറിയൽ (അക്ഷരങ്ങളും ഉപചിഹ്നങ്ങളും ചേരുമ്പോഴുണ്ടാകുന്ന രൂപങ്ങൾ തിരിച്ചറിയുകയും വായിക്കുകയും ചെയ്യുക)
- പദങ്ങളെ ഘടകങ്ങളാക്കി പിരിക്കൽ (ഏതൊക്കെ അക്ഷരചിഹ്നങ്ങൾ, ഉപചിഹ്നങ്ങൾ

എന്നിവയാണ് ഒരു പദത്തിലുള്ളതെന്നും ഓരോന്നും ഏതു ശബ്ദവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നും തിരിച്ചറിയുക)

- പദങ്ങൾ കൂടിച്ചേരുമ്പോഴുണ്ടാകുന്ന ശബ്ദവ്യത്യാസങ്ങൾ തിരിച്ചറിയൽ (സന്ധി)
- അക്ഷരങ്ങൾ, അക്ഷര സങ്കലനങ്ങൾ, പദങ്ങൾ എന്നിവയെ ഉച്ചാരണവുമായി ബന്ധിപ്പിക്കൽ
- പദങ്ങൾ, വാക്യങ്ങൾ എന്നിവയെ അർഥവുമായി ബന്ധിപ്പിക്കൽ
- കൈയെഴുത്തു രൂപങ്ങളുടെയും അച്ചടി രൂപങ്ങളുടെയും വ്യത്യാസം തിരിച്ചറിയൽ
- ഒറ്റ നോട്ടത്തിൽ പദങ്ങൾ വായിക്കൽ (sight reading)
- പല പദങ്ങൾ ചേർന്ന ഒരു വാക്യ ഖണ്ഡം ഒറ്റനോട്ടത്തിൽ വായിക്കാൻ കഴിയുക(eye span development)

ആശയഗ്രഹണ ശേഷികൾ

- വ്യത്യസ്ത വായനാ പാഠങ്ങളിൽ നിന്ന് ആശയം ഗ്രഹിക്കൽ
- ലിഖിത പാഠങ്ങളുടെയും പാഠഭാഗങ്ങളുടെയും ആശയം തിരിച്ചറിയുക
- വാദഗതികളും തെളിവുകളും കണ്ടെത്തുക (ഉദാ: ഒരു ലേഖനത്തിൽ ഏത് ആശയത്തെക്കുറിച്ച് എന്തു വാദഗതിയാണ് ലേഖകൻ മുന്നോട്ടുവയ്ക്കുന്നത് എന്നും തന്റെ വാദത്തെ പിന്തുണയ്ക്കാനായി എന്തൊക്കെ തെളിവുകൾ മുന്നോട്ടു വയ്ക്കുന്നു എന്നും കണ്ടെത്തുക)
- പാഠത്തിന്റെ ഘടന തിരിച്ചറിയുക (ഉദാ: ഒരു ലേഖനത്തിന്റെ ആദ്യ ഖണ്ഡികയിൽ തന്റെ വിഷയം പരിചയപ്പെടുത്തുന്നു, രണ്ടാമത്തെ ഖണ്ഡികയിൽ പ്രശ്നം അവതരിപ്പിക്കുന്നു, മൂന്നാമത്തെയും നാലാമത്തെയും ഖണ്ഡികകളിൽ പ്രശ്ന പരിഹരണം ഏതു രീതിയിലായിരിക്കണം എന്നതിനെക്കുറിച്ചുള്ള തന്റെ വാദഗതികളും തെളിവുകളും നിരത്തുന്നു, അഞ്ചാമത്തെ ഖണ്ഡികയിൽ പ്രശ്നം പരിഹരിച്ചില്ലെങ്കിലുണ്ടാകാവുന്ന ഭവിഷ്യത്തുകൾ വ്യക്തമാക്കുന്നു, ആറാമത്തെ ഖണ്ഡികയിൽ പ്രധാന ആശയം ചുരുക്കിപ്പറഞ്ഞു കൊണ്ട് ഉപസംഹരിക്കുന്നു.)
- പുതിയ പദങ്ങളുടെ അർഥം ഊഹിച്ചു കണ്ടെത്തുക
- പ്രത്യക്ഷമായി പ്രസ്താവിച്ചിരിക്കുന്ന വിവരങ്ങൾ മനസ്സിലാക്കുക
- പരോക്ഷമായി പ്രസ്താവിച്ചിരിക്കുന്ന വിവരങ്ങൾ മനസ്സിലാക്കുക
- വാക്യങ്ങളുടെയും, പാഠഭാഗങ്ങളുടെയും ആശയവിനിമയ ധർമം (communicative function) തിരിച്ചറിയുക (ഉദാ: '—' എന്ന ലേഖനത്തിലൂടെ/ലേഖനഭാഗത്തിലൂടെ ലേഖകൻ ചെയ്യുന്നത് - *വാദിക്കുകയാണ്,* ഒരു പ്രത്യേക ആശയം സ്വീകരിക്കാൻ വായനക്കാരനെ *പ്രേരിപ്പിക്കുകയാണ്*, ഒരു പ്രത്യേക ആശയത്തിനെതിരെ *വാദിക്കുകയാണ്*, ഒരു പ്രത്യേക ആശയം *വിവരിക്കുകയാണ്*, ഒരു പ്രത്യേക ആശയത്തിന്റെ സാധുത *പരിശോധിക്കുകയാണ്* എന്നിങ്ങനെ)
- പാഠബാഹ്യമായ വിവരങ്ങൾ ഉപയോഗിച്ച് പാഠം വ്യാഖ്യാനിക്കുക (ഉദാ: മുന്നറിവുകൾ ഉപയോഗിച്ച് പാഠത്തിലെ ആശയങ്ങളെ വിലയിരുത്തുക)
- സംഗ്രഹം തയ്യാറാക്കാനാവശ്യമായ മുഖ്യആശയങ്ങൾ കണ്ടെത്തുക

- മുഖ്യ ആശയങ്ങളും ഉപ ആശയങ്ങളും വേർതിരിക്കുക
- പാഠത്തിൽ നിന്ന് ഒരു പ്രത്യേക ആവശ്യത്തിന്/ലക്ഷ്യത്തിന് പ്രസക്തമായ ആശയങ്ങൾ/ വിവരങ്ങൾ മാത്രം വേർതിരിച്ചെടുക്കുക
- ചിത്രരൂപത്തിലോ പട്ടികയായോ വിവരങ്ങൾ മാറ്റിയെടുക്കുക
- വിവിധ തരം വായനാരീതികൾ അവലംബിക്കുക

വായനാ പരിശീലനം-വ്യത്യസ്ത രീതികളും സമീപനങ്ങളും

ലളിത ഘടകങ്ങളിൽ നിന്ന് സമഗ്ര ഘടകങ്ങളിലേക്ക്(bottom-to-top approach) സമഗ്ര ഘടകങ്ങളിൽ നിന്ന് ലളിത ഘടകങ്ങളിലേക്ക് (top-to-bottom approach). അക്ഷരം-വാക്ക്-വാക്യം എന്ന ക്രമത്തിലെ വായനാ പരിശീലനം ആദ്യത്തെ സമീപനത്തിനും, വാക്യം-വാക്ക്-അക്ഷരം എന്ന ക്രമം രണ്ടാമത്തെ രീതിക്കും ഉദാഹരണമാണ്. ആശയാവതരണ രീതിയും ഇതേ തത്ത്വം തന്നെയാണ് പിൻതുടരുന്നത്. ഭാഷയുടെ ലേഖന വ്യവസ്ഥയുടെയും അക്ഷരസങ്കലനങ്ങളുടെയും രീതിയും യുക്തിയും വ്യക്തമായി മനസ്സിലാക്കിക്കൊണ്ട് മുന്നോട്ടു പോകാം എന്നതാണ് ആദ്യത്തെ സമീപനത്തിന്റെ ഗുണം. അതേ സമയം അർഥത്തിൽ നിന്ന് വേറിട്ടു നിൽക്കുന്ന ഒരു തലം ഇതിനുണ്ടെന്നുള്ളതും, തികച്ചും യാന്ത്രികമാകാനുള്ള സാധ്യതയുമാണ് ഈ സമീപനത്തിന്റെ പോരായ്മകൾ. അർഥപൂർത്തിയുള്ള ഘടകങ്ങളിൽ നിന്ന് ആരംഭിക്കാൻ കഴിയുന്നു എന്നതും അതിനാൽ തന്നെ പഠിതാവിന്റെ താൽപര്യം നിലനിർത്താൻ കഴിയുന്നു എന്നതും രണ്ടാമത്തെ സമീപനത്തിന്റെ മേൻമകളാണ്. എന്നാൽ ഈ രീതിയിൽ വായനാ പരിശീലനം നൽകാൻ വളരെ സൂക്ഷ്മമായി ആസൂത്രണം ചെയ്ത വായനാ സാമഗ്രികൾ ആവശ്യമാണ്. അവയുടെ അഭാവത്തിൽ ബോധനം ഉദ്ദേശിച്ച രീതിയിൽ മുന്നോട്ടുപോകാൻ കഴിയാതെ വരാം. അതിനാൽ, ഈ സമീപനം അനുവർത്തിക്കുമ്പോൾ, വേണ്ടത്ര പുരോഗതി ഉണ്ടാകാത്ത വിദ്യാർഥികളെ സഹായിക്കാൻ അക്ഷരതലത്തിലെ ബോധനം നൽകുക എന്ന സമീപനമാണ് ഈ മേഖലയിലെ വിദഗ്ധർ നിർദേശിക്കുന്നത്.

അക്ഷരമാലാക്രമത്തിലുള്ള അവതരണം.(ലളിത ഘടകങ്ങളിൽ നിന്ന് സമഗ്രഘടകങ്ങളിലേക്ക് പോകുന്ന രീതിയാണിത്. അക്ഷരമാല പഠിപ്പിക്കാനുള്ള നമ്മുടെ പരമ്പരാഗത രീതി. സ്വരങ്ങൾ, വ്യഞ്ജനങ്ങൾ എന്നിവ വേറിട്ടും, വ്യഞ്ജനങ്ങൾക്കുള്ളിൽ തന്നെ ശബ്ദപരമായി സമാനമായവ ഒരുമിച്ചും മനസ്സിലാക്കുന്നതിന് ഇത് സഹായകമാണ്. പ്രൈമറി തലത്തിൽ ഈ അറിവ് പ്രസക്തമല്ലെങ്കിലും, സ്വനപരമായ ഗുണങ്ങളെ ആസ്പദമാക്കിയാണ് അക്ഷരമാല ചിട്ടപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ, ഉച്ചാരണം വിശദീകരിക്കാൻ എളുപ്പമുണ്ട്. അക്ഷരങ്ങളും ശബ്ദവുമായുള്ള ബന്ധം ഉറപ്പിച്ചുകിട്ടുന്നതിനും ഇത് സഹായകമാണ്. അതേ സമയം, ഈ രീതി അത്യധികം യാന്ത്രികവും വിരസവുമായിത്തീരാൻ സാധ്യതയുള്ളതാണ്.) അക്ഷരമാലയ്ക്കുള്ളിൽ തന്നെ ലളിതമായതിൽ നിന്ന് സങ്കീർണമായതിലേക്ക് എന്ന ക്രമത്തിൽ അക്ഷരങ്ങളെ അവതരിപ്പിക്കുക എന്നതാണ് മറ്റൊരു രീതി. ഉദാ: റ ര ത ന എന്ന ക്രമം.

ആശയാവതരണ രീതി

മനഃശാസ്ത്രപരമായ രീതിയിൽ വായന അഭ്യസിപ്പിക്കുന്നതിന് ആശയാവതരണരീതി അനുയോജ്യമാണ്. ആശയാവതരണരീതിയിൽ ആദ്യം കുട്ടികൾ കാര്യങ്ങൾ മുഴുവനായോ വിപുലമായ തരത്തിലോ സ്വീകരിക്കുകയാണ് ചെയ്യുന്നത്. അതിനുശേഷം സൂക്ഷ്മമായ അംശങ്ങളിലേക്ക് കടക്കുന്നു. സ്ഥൂലത്തിൽ നിന്ന് സൂക്ഷ്മത്തിലേക്കാണ് പഠിതാവ് നയിക്കപ്പെടുന്നത്. ഒരു വസ്തുവിനെ സമഗ്രമായി കാണാനും മനസ്സിലാക്കാനുമുള്ള വ്യക്തിയുടെ കഴിവാണ് ഈ

രീതിയിൽ പരിഗണിക്കപ്പെടുന്നത്. വാക്യസമൂഹം, വാക്യം, പദം എന്നീ ക്രമത്തിൽ അപഗ്രഥിച്ച് അക്ഷരങ്ങളിലേക്ക് എത്തുകയാണ് ചെയ്യുന്നത്. അപഗ്രഥനരീതി (Analytical Method) യുടെ തലമാണ് ആശയാവതരണരീതിക്ക് അടിസ്ഥാനം. ആധുനിക വിദ്യാഭ്യാസ ചിന്തകർക്കും വിദ്യാഭ്യാസ മനഃശാസ്ത്രജ്ഞർക്കും ഈ രീതിയാണ് സ്വീകാര്യമായി കാണുന്നത്.

മൗനവായനയും ശ്രാവ്യവായനയും :

ശ്രാവ്യവായന: അക്ഷരസ്ഫുടതയോടെ അർഥം ഗ്രഹിച്ച് വായിക്കുന്നതിന് ശ്രാവ്യവായന ഉപകരിക്കും. വാക്കുകളും വാക്യങ്ങളും സ്വാഭാവികമായി ഉച്ചരിക്കുക, അനുയോജ്യമായ ഊണവും ഊന്നലും നൽകുക എന്നിവയൊക്കെ പരിശീലിപ്പിക്കാൻ ശ്രാവ്യവായന ഏറെ സഹായിക്കുന്നു. പ്രസംഗകലയിലേക്ക് കുട്ടിയെ നയിക്കുന്നതിനും ഭാവാത്മകമായ ശ്രാവ്യവായന സഹായിക്കുന്നു. ഏറെ സമയം ഉറക്കെ വായിക്കാൻ കഴിയില്ല എന്നത് ഈ രീതിയുടെ പ്രധാന പോരായ്മയാണ്.

മൗനവായന : ആശയഗ്രഹണത്തിനുള്ള ഏറ്റവും നല്ല ഉപാധിയാണ് മൗനവായന. ആശയവും ചിന്തയും ഇവിടെ ഒന്നുചേരുന്നു. വായിച്ച ഭാഗങ്ങളുടെ അർഥം നേരിട്ട് മനസ്സിലെത്തുന്നു എന്നതാണ് പ്രധാന മേൻമ. മുതിർന്ന ക്ലാസ്സുകളിലെത്തുമ്പോൾ മൗന വായനയിൽ കുട്ടി നിപുണനാകണം. അതിനുതകും വിധം താഴ്ന്ന ക്ലാസ്സുകളിൽ പരിശീലനം ലഭിക്കണം.

- **വായനാസങ്കേതങ്ങൾ** (Techniques of Reading)

(1) വായനാസംവേദനം വളർത്തുക (Sensitizing)

അപരിചിതമായ വാക്കുകൾ, സങ്കീർണ വാക്യ ഘടനകൾ എന്നിവയുടെ അർഥം ഗ്രഹിക്കാനുള്ള ശേഷി വളർത്തുക.

1.1 ഊഹിച്ചു കണ്ടെത്തൽ

എല്ലാ വാക്കുകളുടെയും അർഥം വിശദീകരിച്ചിരിക്കുന്ന, അഥവാ കഠിന പദങ്ങളും ഘടനകളും പൂർണമായി ഒഴിവാക്കിയിരിക്കുന്ന പാഠങ്ങളെക്കാൾ, ചില അവസരങ്ങളിൽ അർഥം ഊഹിച്ചെടുക്കേണ്ട വിധത്തിൽ വെല്ലുവിളി ഉയർത്തുന്ന പാഠങ്ങളിലൂടെ മാത്രമേ വായനാശേഷി വികസിപ്പിക്കാൻ കഴിയുകയുള്ളൂ.

1.2 വാക്യത്തിനകത്തെ ഘടകങ്ങളുടെ പരസ്പര ബന്ധം കണ്ടെത്തുക

അടിസ്ഥാന വാക്യം (‘core' of the sentence) കണ്ടെത്താനും അതിനോട് മറ്റു ഘടകങ്ങൾ ചേരുമ്പോൾ ഉണ്ടാകുന്ന അർഥവ്യത്യാസങ്ങൾ തിരിച്ചറിയാനും കഴിയുക. അർഥത്തിന്റെ അടിസ്ഥാനത്തിൽ വാക്യത്തെ ഘടകങ്ങളായും ഉപവാക്യങ്ങളായും തിരിക്കാൻ കഴിയുക എന്ന ശേഷി ഇവിടെ പ്രധാനമാണ്. (ഉദാ: *‘മൂടിവെച്ചിരിക്കുന്ന സ്വാർഥതാൽപര്യങ്ങൾ മുൻനിർത്തിയാകുമല്ലോ ഇത്തരം ആവശ്യങ്ങളുന്നയിച്ചുകൊണ്ട് പലരും തെരുവിലിറങ്ങി പ്രകടനം നടത്തിയത് ’* എന്ന വാക്യത്തിൽ *‘പലരും പ്രകടനം നടത്തി’*എന്നതാണ് കേന്ദ്രവാക്യം. ഇതിനോട് മറ്റു ഘടകങ്ങൾ ചേർന്നാണ് ഈ വാക്യം ഉണ്ടായിരിക്കുന്നത്)

1.3 വാക്യങ്ങളെയും ആശയങ്ങളെയും ബന്ധിപ്പിക്കുക

പാഠം എന്നത് വ്യത്യസ്ത വാക്യങ്ങളുടെ ഒരു സമാഹാരം അല്ലെന്നും പാഠത്തിലെ വാക്യങ്ങൾ തമ്മിൽ ആശയപരവും ഘടനാപരവുമായ ബന്ധങ്ങൾ ഉണ്ടെന്നും പഠിതാവ് തിരിച്ചറിയണം. പാഠത്തിനുള്ളിലെ വാക്യഗണങ്ങൾ ആശയങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നു കണ്ടെത്താനുള്ള ശേഷിയാണ് ഇവിടെ പ്രധാനം. (ഉദാ: ഒരു ലേഖനത്തിലെ വാദഗതികൾ കണ്ടെത്തി ഓരോ വാദത്തെയും പിൻതുണയ്ക്കുന്ന വാക്യങ്ങൾ വേർതിരിക്കുക)

(2) വായനാ വേഗത

വളരെ സാവധാനം വായിക്കുന്ന പഠിതാക്കൾക്ക് വായനയിലുള്ള താൽപര്യം പെട്ടെന്ന് നഷ്ടപ്പെടുന്നു. അതിനാൽ അനുയോജ്യമായ വേഗതയിൽ വായിക്കാനുള്ള ശേഷി വികസിപ്പിക്കേണ്ടതാണ്. ശ്രാവ്യ വായനയിലൂടെ പഠിതാവിന്റെ വായനാ വേഗത പരിശോധിക്കുകയും മെച്ചപ്പെടുത്താനാവശ്യമായ നിർദേശം നൽകുകയും വേണം

(3) വായനക്കാരന്റെ ലക്ഷ്യമനുസരിച്ച് വായനാസങ്കേതങ്ങൾ വ്യത്യാസപ്പെടുത്തുക

വായന എന്നത് ഏകമാനമായ ഒരു പ്രവൃത്തിയല്ല. പല തരത്തിലുള്ള വായനകൾ ഉണ്ട് എന്ന് പഠിതാവ് തിരിച്ചറിയണം. എല്ലാത്തരം പാഠങ്ങളും ഒരേ തരത്തിൽ വായിക്കുന്നത് ആശയഗ്രഹണത്തെ പ്രതികൂലമായി ബാധിക്കുന്നു. വ്യത്യസ്ത പാഠങ്ങൾക്കനുസൃതമായി വായനാവേഗതയും വായനയുടെ രീതിയും വ്യത്യാസപ്പെടുത്താൻ കഴിയണം.

3.1 പ്രവചിക്കൽ (predicting)

എല്ലാത്തരം വായനയിലും പ്രാധാന്യമുള്ള ഒരു സങ്കേതമാണിത്. തുടർന്നു വരുന്നത് എന്താണ് എന്ന് ഊഹിക്കാൻ/പ്രവചിക്കാൻ കഴിയുക ഫലപ്രദമായ വായനയ്ക്ക് അത്യന്താപേക്ഷിതമാണ്. ഘടനാപരവും യുക്തിപരവും സാംസ്കാരികവുമായ സൂചകങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് വായനക്കാർ പ്രവചിക്കുന്നത്. *ഇനി എന്താണ് എഴുത്തുകാരൻ പറയാൻ പോകുന്നത്? തുടർന്നുവരുന്നത് എന്താണ്?* തുടങ്ങിയ ചോദ്യങ്ങളിലൂടെ ഈ കഴിവ് പരിശോധിക്കുകയും വളർത്തുകയും ചെയ്യാം.

3.2 മുന്നൊരുക്ക വായന (previewing)

വായിക്കാൻ ഉദ്ദേശിക്കുന്ന പാഠത്തിന്റെ തലക്കെട്ട്, പ്രാരംഭം, ഉള്ളക്കപ്പട്ടിക, അധ്യായം/ ഭാഗങ്ങളുടെ തലക്കെട്ടുകൾ, അനുബന്ധങ്ങൾ, പട്ടികകൾ, ചിത്രങ്ങൾ എന്നിവ പരിശോധിച്ച് പാഠത്തിന്റെ പൊതുവായ സ്വഭാവം, പ്രാധാന്യം, പ്രധാന വിവരങ്ങൾ ഏതൊക്കെ ഭാഗങ്ങളിലാണ് അടങ്ങിയിരിക്കുന്നത് തുടങ്ങിയ കാര്യങ്ങൾ കണ്ടെത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള വായനയാണ് മുന്നൊരുക്കവായന.

3.3 പ്രതീക്ഷ (anticipation)

ഒരു പാഠത്തിൽ നിന്ന് അല്ലെങ്കിൽ പുസ്തകത്തിൽ നിന്ന് എന്താണ് ലഭിക്കുന്നത് എന്നതിനെക്കുറിച്ചുള്ള പ്രതീക്ഷയോടെ വായിക്കുന്നത് വായനയുടെ ഫലക്ഷമതയെ സ്വാധീനിക്കുന്നു. വായനക്കാരനും പാഠവും തമ്മിലുള്ള ഒരു നിരന്തരബന്ധമാണിത്. നാം പ്രതീക്ഷിക്കുന്ന വസ്തുതകളും ആശയങ്ങളും പാഠത്തിൽ കണ്ടെത്തുന്നതും പുതിയ വസ്തുതകൾ കണ്ടെത്തുന്നതുപോലെ പ്രധാനമാണ്. തനിക്ക് ആവശ്യമായ വിവരങ്ങൾ നൽകാൻ സഹായകമായ പുസ്തകങ്ങൾ തിരഞ്ഞു കണ്ടെത്തുന്നത് ഈ ശേഷിയുടെ ഭാഗമാണ്.

3.4 അവലോകന വായനയും തിരഞ്ഞു വായനയും (Skimming and Scanning)

അവലോകന വായന: പാഠത്തിന്റെ പ്രധാന ആശയം, ഘടന, ലേഖകന്റെ നിലപാട് എന്നിവ മനസ്സിലാക്കാനായി വേഗത്തിൽ നടത്തുന്ന വായന.

തിരഞ്ഞുവായന: വായനക്കാരന് താൽപര്യമുള്ള വിവരങ്ങൾ മാത്രം കണ്ടെത്താനുള്ള വായന.

ഈ രണ്ടു വായനാ രീതികളും അനുയോജ്യമായ വിധത്തിൽ ഏകോപിപ്പിക്കാൻ കഴിയണം.

3.5 വിപുല വായനയും തീവ്രവായനയും (Extensive Reading and Intensive Reading)

വിപുല വായന: താരതമ്യേന ദൈർഘ്യമുള്ള പാഠങ്ങളോ പുസ്തകങ്ങളോ സ്വന്തം താൽപര്യ പ്രകാരം ആസ്വാദനത്തിനായി വായിക്കുക. (ഉദാഹരണമായി, ഒരു നോവൽ വായിക്കുക)

തീവ്ര വായന: നിശ്ചിത വിവരം/ആശയം മനസ്സിലാക്കാനായി താരതമ്യേന ദൈർഘ്യം കുറഞ്ഞ പാഠങ്ങൾ വായിക്കുക. (ഉദാ: പദാവലീ വികസനം ലക്ഷ്യമാക്കി അധ്യാപകൻ നിർദേശിക്കുന്ന പാഠഭാഗം വായിക്കുക)

വായനാ പരിശീലനം-പ്രായോഗിക പ്രവർത്തനങ്ങൾ

അടിസ്ഥാന തലം

കുട്ടിക്ക് വായനയിൽ താത്പര്യം ഉണർത്തുന്നതിനായി വിവിധതരം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. കുട്ടിയുടെ പ്രായം, മാനസികനില, താത്പര്യമുള്ള മേഖലകൾ എന്നിവ പരിഗണിച്ചുകൊണ്ടായിരിക്കണം പ്രവർത്തനങ്ങൾ ഒരുക്കേണ്ടത്.

പ്രീ-പ്രൈമറി തലം: ആറുവയസ്സു വരെയുള്ള കുട്ടികളാണ് ഈ ഘട്ടത്തിൽ വരുന്നത്. നേരിട്ടുള്ള അക്ഷരവായന അവരെ സംബന്ധിച്ച് ആശാസ്യമല്ല. ധാരാളം പ്രാഗ്വായനാ പ്രവർത്തനങ്ങളാണ് ഈ ഘട്ടത്തിൽ അനുയോജ്യമായത്.

- ചിത്രവായന
- ക്രമീകരിച്ച ചിത്രങ്ങളെ കഥാരൂപത്തിലാക്കുക
- ചിത്രങ്ങളായി പ്രദർശിപ്പിച്ചിരിക്കുന്ന കഥകൾ പറഞ്ഞുകേൾപ്പിക്കൽ.
- കഥകേൾക്കുന്നതിൽ നിന്ന് കഥാവായനയിലേക്ക് കുട്ടിയെ നയിക്കൽ
- അക്ഷരചിത്രങ്ങൾ
- അക്ഷരങ്ങളുടെ കട്ടൗട്ടുകൾ
- വാക്കുകളും ചിത്രങ്ങളും ചേർന്നുള്ള കഥകൾ

പ്രാഥമിക തലം

കേൾവിയിൽ നിന്നാണ് കുട്ടിക്ക് വായിക്കാനുള്ള താൽപര്യം ജനിക്കുന്നത്. കുട്ടി കേൾക്കാനിഷ്ടപ്പെടുന്ന കഥകൾ-പഞ്ചതന്ത്ര കഥകൾ, വിക്രമാദിത്യ കഥകൾ, ഹിതോപദേശ കഥകൾ, ബാലകഥകൾ, കേൾക്കാനിഷ്ടപ്പെടുന്ന കവിതകൾ തുടങ്ങിയവ - അധ്യാപകരിൽ നിന്നും രക്ഷിതാക്കളിൽ നിന്നും കേൾക്കാനുള്ള ധാരാളം അവസരങ്ങൾ ഒരുക്കണം.

പ്രാഥമിക ഘട്ടം തീരുമ്പോൾ കുട്ടിക്ക് സ്വതന്ത്ര വായനയ്ക്ക് കഴിയണം. വർത്തമാന പത്രങ്ങൾ, ബാലമാസികകൾ, ബാലപംക്തികൾ തുടങ്ങിയവ സ്വതന്ത്രമായി വായിച്ച് ആസ്വദിക്കാൻ കഴിയണം. കഥാമത്സരങ്ങൾ, യാത്രാവിവരണങ്ങൾ, ആസ്വാദനക്കുറിപ്പുകൾ, ലഘുപ്രസംഗങ്ങൾ, ആലാപനം, കാവ്യരചന തുടങ്ങിയവയെല്ലാം വായനയുമായി ബന്ധപ്പെടുത്തി നടത്താനും അങ്ങനെ വായനയിലേക്ക് കുട്ടിയെ നയിക്കാനും കഴിയും.

കഥാപൂരണം, ആശയവിപുലനം, വരികൾ കൂട്ടിച്ചേർക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും പഠിതാക്കളുടെ വായനാശേഷി വളർത്താനുള്ള പ്രവർത്തനങ്ങളായി ഉപയോഗിക്കാം. ഭാഷാപ്രവർത്തനങ്ങൾ സ്കൂളിൽ ഒതുങ്ങുന്നവയല്ല. സ്വാഭാവികമായും ക്ലാസ്സ്തല പ്രവർത്തനങ്ങൾ വീട്ടിലേക്കും വ്യാപിപ്പിക്കേണ്ടതുണ്ട്. കുട്ടികൾക്ക് ഇണങ്ങുന്ന പുസ്തകങ്ങളുടെ ശേഖരം വീട്ടിൽ ഒരുക്കേണ്ടതും അവ പ്രയോജനപ്പെടുത്താനുള്ള അവസരം ഉണ്ടാകേണ്ടതുമാണ്.

ക്ലാസ്സിൽ ഒരു വായനാമൂല: പഠനബോധന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് വായന പരിപോഷിപ്പിക്കുന്നതിനുമായി ക്ലാസ്സിൽ ഒരു വായനാമൂല ഒരുക്കുന്നത് നല്ലതായിരിക്കും. ക്ലാസ് നിലവാരത്തിനിണങ്ങുന്നതും പാഠപുസ്തക വിനിമയത്തിന് സഹായകരവുമായ പുസ്തകങ്ങളാണ് ഇവിടെ ഒരുക്കേണ്ടത്. കുട്ടിയുടെ പഠനവേഗതയ്ക്കനുസരിച്ച് മുന്നേറാനും പഠനപ്രക്രിയ തന്റേതായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാനും വായനാമൂലയിലെ പുസ്തകങ്ങൾ സഹായിക്കും. അധികവായനയല്ല ഇവിടെ ഉദ്ദേശിക്കുന്നത്. പഠനപ്രവർത്തനത്തിന്റെ അവശ്യ ഘടകമായി വായനയെ പ്രയോജനപ്പെടുത്തുകയാണ് വായനാമൂലയുടെ ലക്ഷ്യം.

ആശയഗ്രഹണതലം

- പാഠത്തിൽ നിന്ന് സമാനാർഥമുള്ള പദങ്ങൾ കണ്ടെത്തുക
- പാഠത്തിൽ നിന്ന് വിപരീതാർഥമുള്ള പദങ്ങൾ കണ്ടെത്തുക
- പാഠഭാഗം വായിച്ച് നിർദിഷ്ട പദങ്ങളുടെ അർഥം ഊഹിച്ചെഴുതുക

പാഠഭാഗത്തിലെ പദങ്ങളെ പൊതുവായ അർഥത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കുക (ഉദാ: സ്വാശ്രയത്വത്തെ സൂചിപ്പിക്കുന്ന പദങ്ങൾ, അസ്വാതന്ത്ര്യത്തെ സൂചിപ്പിക്കുന്ന പദങ്ങൾ, വികസനത്തെ സൂചിപ്പിക്കുന്ന പദങ്ങൾ, അനുകൂല മനോഭാവത്തെ സൂചിപ്പിക്കുന്ന പദങ്ങൾ, പ്രതികൂല മനോഭാവത്തെ സൂചിപ്പിക്കുന്ന പദങ്ങൾ)

- വിട്ടുപോയ വാക്കുകൾ പൂരിപ്പിക്കുക അർഥപരവും യുക്തിപരവുമായി സമ്പൂർണ വാക്യങ്ങൾ ലഭിക്കത്തക്കവിധം പാഠഭാഗത്തിലെ വിട്ടുകളഞ്ഞ പദങ്ങൾ പൂരിപ്പിക്കുക.
- ആശയങ്ങൾ തമ്മിലുള്ള ബന്ധം കണ്ടെത്തുക. (ഉദാ: പാഠഭാഗത്തിൽ നിന്ന് താഴെ പറയുന്ന ബന്ധങ്ങൾ കണ്ടെത്തുക

(1) സമാനത (equivalence) ഉദാ: ലേഖനത്തിൽ വിവരിച്ചിരിക്കുന്ന രണ്ടു ചരിത്ര ഘട്ടങ്ങൾ ഏതൊക്കെ രീതിയിലാണ് സമാനമായിട്ടുള്ളത്

(2) വിപരീത ബന്ധം (contrast) ഉദാ: ലേഖനത്തിൽ വിവരിച്ചിരിക്കുന്ന രണ്ട് കാലഘട്ടങ്ങൾ എങ്ങനെയാണ് വ്യത്യാസപ്പെട്ടിരിക്കുന്നത്?

(3) കാരണം.(cause) ഉദാ: ലേഖനത്തിൽ വിവരിച്ചിരിക്കുന്ന അവസ്ഥ ഉണ്ടാകാൻ കാരണമെന്ത്? ഫലം ഉകഥാപാത്രത്തിന്റെ പ്രവൃത്തിയുടെ ഫലം എന്തായിരുന്നു.

(4) ഉദ്ദേശ്യം (purpose) കഥാപാത്രം ഈ രീതിയിൽ പെരുമാറിയത് എന്ത് ഉദ്ദേശ്യത്തോടെയാണ്?

(5) വിശദീകരണം(explanation): '— ' എന്ന ആശയത്തെ ലേഖകൻ എങ്ങനെയാണ് വിശദീകരിച്ചിരിക്കുന്നത്?

(6) സാമാന്യവൽക്കരണം (generalization): തന്റെ വാദഗതികളുടെ അടിസ്ഥാനത്തിൽ ലേഖകൻ എത്തിച്ചേരുന്ന പൊതുനിഗമനങ്ങൾ ഏവ?

- വാക്യഘടകങ്ങൾ തിരിച്ചറിയുക (ഉദാ: വാക്യത്തിന്റെ കർത്താവും കർമവും തിരിച്ചറിയുക)
- വാക്യത്തെ പദഗണങ്ങളായി തിരിക്കുക (വാക്യത്തിനകത്ത് ഏതൊക്കെ പദങ്ങളാണ് അർഥപരമായി ഒന്നിച്ചുനിൽക്കുന്നത്)
- വാക്യങ്ങൾ തമ്മിലുള്ള ബന്ധം കണ്ടെത്തുക (ഉദാ: ആദ്യവാക്യത്തോട് ആശയപരമായി തുടർച്ചയുള്ള വാക്യങ്ങൾ, ആദ്യവാക്യത്തിലെ ആശയത്തെ സമർഥിക്കുന്ന വാക്യങ്ങൾ,

ആദ്യവാക്യത്തേതിൽ നിന്ന് വ്യത്യസ്തമായ അവസ്ഥ ഉദാഹരിക്കുന്ന വാക്യങ്ങൾ)

- ആശയബന്ധങ്ങൾ സൂചിപ്പിക്കുന്ന പദങ്ങൾ കണ്ടെത്തുക; ആശയബന്ധം വിശദീകരിക്കുക (ഉദാ: ആയതിനാൽ, എന്നിരുന്നാലും, എന്നിട്ടും, തൽഫലമായി..)
- പാഠത്തിന്റെ ആശയവിനിമയ ധർമങ്ങൾ കണ്ടെത്തുക. (ഉദാ: പ്രേരിപ്പിക്കുന്നു, നിർദേശിക്കുന്നു, വാദിക്കുന്നു, വിവരം നൽകുന്നു...)
- പാഠത്തിന്റെ മുഖ്യ ആശയം കണ്ടെത്തുക.

2.4 ലേഖനം

ശബ്ദത്തെ അനുയോജ്യമായ രൂപവുമായി ബന്ധപ്പെടുത്തുക, ആ രൂപം കടലാസ്സിലോ സ്ലേറ്റിലോ സൃഷ്ടിക്കുക എന്ന രണ്ടു ഘടകങ്ങളാണ് ലേഖനത്തിൽ അടങ്ങിയിരിക്കുന്നത്. ഇത് ഓരോന്നും അതിന്റേതായ രീതിയിൽ സങ്കീർണമാണ്. ആദ്യമായി എഴുതിത്തുടങ്ങുന്ന പഠിതാവ്, അതിനു മുമ്പ് നിത്യജീവിതത്തിൽ നീണ്ട വാക്കുകളും സങ്കീർണമായ വാക്യങ്ങളും സംസാരഭാഷയിൽ ഉപയോഗിച്ചും കേട്ടും പരിചയിച്ചവരാണ്. വാക്കുകളെ പ്രത്യേക ഘടകങ്ങളായിട്ടാണ് അവർ കാണുന്നത്. വാക്കിന്റെ കീഴ്ഘടകമായ അക്ഷരം എന്നത് അവരെ സംബന്ധിച്ചിടത്തോളം കൃത്രിമമായൊരു സങ്കൽപമാണ്. ശബ്ദങ്ങളെയും അക്ഷരങ്ങളെയും ബന്ധിപ്പിക്കുമ്പോൾ പ്രത്യേകിച്ച് അർഥമോ സന്ദർഭമോ ഇല്ലാത്ത ഒരു പ്രവർത്തനത്തിലേക്കാണ് അവരുടെ ശ്രദ്ധ തിരിക്കുന്നത്. സ്വാഭാവിക സന്ദർഭങ്ങളിൽ നിന്ന് അവർ ആർജിച്ച പദങ്ങൾ തികച്ചും കൃത്രിമമായൊരു സങ്കൽപ്പത്തിലൂടെ കാണാൻ അവർ നിർബന്ധിതരാകുന്നു. ഇതിലേക്ക് പഠിതാവിന്റെ ശ്രദ്ധ ആകർഷിക്കുന്ന സ്വാഭാവിക സന്ദർഭമൊന്നും നൽകാൻ കഴിയുകയില്ല. അർഥമുള്ള ഘടകങ്ങളുടെ തലത്തിൽ നിന്ന് അർഥമില്ലാത്ത ഘടകങ്ങളുടെ തലത്തിലേക്ക് പഠിതാവിന്റെ ശ്രദ്ധ തിരിക്കുന്ന ഈ പ്രവർത്തനം ബോധന ശാസ്ത്രപരമായി പല വെല്ലുവിളികളും ഉയർത്തുന്നു.

മലയാളത്തിന്റെ എഴുത്തുരീതിയും ലിപിവ്യവസ്ഥയും ഉയർത്തുന്ന പ്രശ്നങ്ങളാണ് മറ്റൊന്ന്. അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു.

- സങ്കീർണ കരചലനങ്ങൾ ആവശ്യമുള്ള അക്ഷരങ്ങൾ. ഉദാ: **ആ, ങ്ങ, ന്ധ, ണ്ഡ, ഷ**
- സ്വരങ്ങൾ സ്വതന്ത്രമായും വ്യഞ്ജനങ്ങളോട് ചേർന്നും എഴുതുമ്പോഴുണ്ടാകുന്ന വ്യത്യാസങ്ങൾ. **'ഓടി'** എന്ന പദം **'ഓടഇ'** എന്ന് എഴുതുന്നത് ഇത്തരത്തിലുള്ള ആശയക്കുഴപ്പത്തിന് ഉദാഹരണമാണ്.
- ശബ്ദപരമായും രൂപപരമായും സമാനമായ അക്ഷരങ്ങൾ. ഉദാ: **ങ്ങ/ഞ്ഞ, ണ്ണ/ന്ന**
- ശബ്ദപരമായി സമാനവും രൂപപരമായി വ്യത്യസ്തവും ആയ അക്ഷരങ്ങൾ **ശ/ഷ, ഴ/ഷ, ല/ള**
- രൂപപരമായി സമാനവും ശബ്ദപരമായി വ്യത്യസ്തവുമായ അക്ഷരങ്ങൾ **ഫ/ഹ , ച/പ, ഉ/ള, ഭ/ദ, ഝ/ത്സ, ബ / മ്പ**
- അക്ഷരങ്ങൾ സംയോജിപ്പിക്കുന്നതിന് പല സന്ദർഭങ്ങളിൽ പല തരത്തിലുള്ള നിയമങ്ങൾ. ഇരട്ടിപ്പിൽ തന്നെ പല നിയമങ്ങൾ ഉദാ :
  - **ന്ന** - ഒരക്ഷരം രണ്ടുതവണ ആവർത്തിച്ചെഴുതിയ രൂപം.
  - **ക്ക** - അക്ഷരരൂപത്തിൽ ചെറിയ വ്യത്യാസം.

- *　ച്ച - അക്ഷരത്തിന്റെ അടിയിൽ ഉപചിഹ്നം.
- *　കൂട്ടക്ഷരങ്ങളിൽ ചന്ദ്രക്കലയിട്ടു പിരിച്ചെഴുതുന്നവയും ഉദാ : വ്യാപ്തം
- *　സംയുക്ത ചിഹ്നം ഉപയോഗിക്കുന്നവ - ഉദാ : ന്ത, ന്ദ.

- ഉച്ചാരണത്തിൽ നിന്നു വ്യത്യസ്തമായി എഴുതുന്ന പദങ്ങൾ

എഴുത്ത്		**ഉച്ചാരണം**
ബലം	-	ബെലം
ദൈവം	-	ദെയ്വം
വത്സല	-	വൽസല
ബന്ധം	-	ബെന്ധം
ദയ	-	ദെയ

ഇത്തരം പ്രശ്നങ്ങൾ ഉള്ളതിനാൽ, ലേഖന പരിശീലനത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ട തുണ്ട്.

2.4.1. സൂക്ഷ്മപേശികളുടെ ചലനത്തിനും നിയന്ത്രണത്തിനുമുള്ള പരിശീലനം:

ചിത്രം വരയ്ക്കുന്നതുപോലെ സ്വതന്ത്രമായ ചലനങ്ങളല്ല അക്ഷരരൂപങ്ങൾ വരയ്ക്കുമ്പോഴുണ്ടാകുന്നത്. നിശ്ചിത സ്ഥലത്തേക്ക് ഒതുക്കിയും അക്ഷരരൂപത്തിലെ വിവിധ ഭാഗങ്ങൾ തമ്മിൽ അനുപാതം ദീക്ഷിച്ചും വേണം അക്ഷരങ്ങൾ എഴുതുവാൻ. പേനയോ പെൻസിലോ ഉപയോഗിച്ച് കടലാസ്സിലോ/സ്ലേറ്റ് പെൻസിൽ ഉപയോഗിച്ച് സ്ലേറ്റിലോ എഴുതുമ്പോൾ ചലനത്തിന് വ്യത്യസ്ത തോതിലുള്ള തടസ്സം സൃഷ്ടിക്കുന്ന മാധ്യമങ്ങളാണ് എഴുത്തുപകരണവും എഴുതുന്ന പ്രതലവും. എഴുതിത്തുടങ്ങുന്ന കുട്ടിയുടെ സ്വതന്ത്രമായ കരചലനത്തെ ഇത് തടസ്സപ്പെടുത്തുന്നു. മാത്രവുമല്ല, സ്കൂളിലെത്തുന്ന കുട്ടിക്ക് അക്ഷരരൂപങ്ങൾ സൃഷ്ടിക്കാനാവശ്യമായ സ്ഥൂല പേശികൾക്കുമേൽ നിയന്ത്രണം ഉണ്ടാകാമെങ്കിലും, സൂക്ഷ്മപേശികൾക്കുമേൽ നിയന്ത്രണം ഉണ്ടായിരിക്കില്ല. ഇതിനാൽ അക്ഷരരൂപങ്ങൾ എഴുതിത്തുടങ്ങുന്നതിനു മുൻപ്, സുക്ഷ്മപേശികൾക്കുമേൽ നിയന്ത്രണം ഉണ്ടാക്കിയെടുക്കാനും മലയാളത്തിലെ ലിപികളുടെ അടിസ്ഥാനരൂപങ്ങൾ പരിചിതമാക്കാനുമായി പ്രത്യേക പരിശീലനം നൽകേണ്ടതുണ്ട്. ഇതിനുപയോഗിക്കുന്ന രൂപങ്ങളുടെ ചില മാതൃകകൾ ചുവടെ ചേർത്തിരിക്കുന്നു. കൂടുതൽ മാതൃകകൾ അധ്യാപകന് സ്വയം കണ്ടു പിടിക്കാൻ കഴിയും.



(അവലംബം : കൈനിക്കര കുമാരപിള്ളയുടെ മലയാള ഭാഷാധ്യാപനം)

പരിചിതവസ്തുക്കളുടെ ലഘുചിത്രങ്ങൾ വരച്ച് കൈ ഒരുമാതിരി വഴങ്ങിയതിനു ശേഷമേ ഈ അഭ്യാസങ്ങൾ കുട്ടികൾക്ക് നൽകാവൂ. വചനശിക്ഷണത്തിനുവേണ്ടി വിനിയോഗിക്കുന്ന കാലത്ത് തന്നെ കരചലന ശിക്ഷണംകൂടി നല്കാൻ കഴിഞ്ഞാൽ പഠനോപക്രമണകാലത്ത് അവർ ലേഖനാഭ്യാസത്തിനും സന്നദ്ധരും സമർഥരും ആയിത്തീരും.

ആലേഖന പരിശീലനത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ട മറ്റൊരു ഘടകമാണ് എഴുത്തുപകരണം (പേനയോ പെൻസിലോ) പിടിക്കുന്ന രീതി(grip). ഇത് അനുയോജ്യമല്ലെങ്കിൽ അക്ഷരങ്ങൾക്ക് കൃത്യമായ രൂപം നൽകുന്നതിനും വേഗത്തിലെഴുതുന്നതിനും തടസ്സമായിത്തീരും. അതിനാൽ എഴുതിത്തുടങ്ങുന്ന കുട്ടികൾ പേനയോ പെൻസിലോ ഏതുരീതിയിൽ പടിച്ചിരിക്കുന്നു എന്ന് അധ്യാപകർ പരിശോധിക്കുകയും, സ്വതന്ത്രവും സ്വാഭാവികവുമായ എഴുത്തിന് അനുകൂലമായ രീതിയിൽ എഴുത്തുപകരണം കൈയിൽ പിടിക്കാൻ വേണ്ട സഹായം ചെയ്യേണ്ടതുമാണ്. ആവശ്യത്തിലധികം സമ്മർദം ചെലുത്തിയാണോ എഴുത്തുപകരണം പിടിച്ചിരിക്കുന്നത്, അനായാസകരമായി കൈ ചലിപ്പിക്കൻ കഴിയുന്ന വിധത്തിലാണോ പിടിച്ചിരിക്കുന്നത് എന്നിവ പരിശോധിക്കേണ്ടതാണ്.

ശബ്ദവും അക്ഷരരൂപവുമായുള്ള ബന്ധം ഉറപ്പിക്കാൻ ശ്രമിക്കുന്നതിനോടൊപ്പം തന്നെ അക്ഷരരൂപം പേപ്പറിലോ സ്ലേറ്റിലോ സൃഷ്ടിക്കാനും ശ്രമിക്കുന്നതിനാൽ ലേഖനപരിശീലനത്തിന്റെ ആദ്യഘട്ടം പല പഠിതാക്കൾക്കും ശ്രമകരമായിത്തീരാറുണ്ട്. കൂടുതൽ ആയാസരഹിതമായി എഴുതാൻ സഹായിക്കുന്ന മാധ്യമങ്ങൾ ഒരു പരിധി വരെ ഇക്കാര്യത്തിൽ പഠിതാവിന്റെ യത്നം കുറയ്ക്കുന്നു. നമ്മുടെ പരമ്പരാഗത രീതിയായ പൂഴിമണ്ണിൽ എഴുതുക എന്നത് ഇതിന് ഉദാഹരണമാണ്. വിരൽ അനായാസം പൂഴിമണ്ണിൽ ഓടിച്ച് അക്ഷര രൂപങ്ങൾ സൃഷ്ടിക്കാൻ കഴിയും. ഇത്തരത്തിൽ അക്ഷര രൂപത്തെക്കുറിച്ചുള്ള ധാരണ ഉറച്ച ശേഷം മാത്രം കടലാസ്സിലേക്ക് മാറുന്നത് എന്തുകൊണ്ടും പഠിതാവിന് ഗുണകരമാണ്.

കൈ മുഴുവൻ ചലിപ്പിച്ചുകൊണ്ട് വലിയ രൂപത്തിൽ അക്ഷരങ്ങൾ എഴുതി പരിശീലിച്ചുകൊണ്ട്, ക്രമേണ അക്ഷരവലുപ്പം ചെറുതാക്കി പുസ്തകത്തിൽ എഴുതാൻ പാകത്തിലുള്ള വലുപ്പത്തിലേക്ക് ചുരുക്കിയെടുക്കാം. ചെറിയ അക്ഷരങ്ങളിൽ ആദ്യമേ എഴുതാൻ നിർബന്ധിക്കുന്നത് ആയാസമുണ്ടാക്കും.

അക്ഷരം എഴുതാൻ ആവശ്യമായ കരചലനങ്ങൾ സൂചിപ്പിച്ചിട്ടുള്ള ചിത്രങ്ങളും പ്രാരംഭഘട്ടത്തിൽ ഉപയോഗിക്കാറുണ്ട്. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം, പല വിദ്യാർഥികളും സാധാരണ നിർദേശിക്കപ്പെടാറുള്ള കരചലനങ്ങളിൽ നിന്നു വ്യത്യസ്തമായ കരചലനങ്ങൾ ഉപയോഗിച്ച് ചില അക്ഷരങ്ങളെങ്കിലും എഴുതാറുണ്ട് എന്നതാണ്. ഇടംകൈവാക്കുള്ള (left - handed) കുട്ടികളിൽ ഇത് പ്രത്യേകം ശ്രദ്ധേയമാണ്. എളുപ്പമുള്ളതെന്ന് പൊതുവേ കരുതുന്നതിനേക്കാൾ ഒരു വ്യക്തിക്ക് എളുപ്പമുള്ളതെന്നു തോന്നുന്ന രീതിക്കു തന്നെയാണ് ഇവിടെ പ്രാധാന്യം നൽകേണ്ടത്. കരചലനങ്ങളുടെ രീതി മനസ്സിലാക്കാനായി വെൽവെറ്റോ സ്പോഞ്ചോ പോലെയുള്ള വസ്തുക്കൾ പതിച്ച അക്ഷരരൂപങ്ങളിലൂടെ വിരലോടിക്കാനും കുട്ടികൾക്ക് അവസരം നൽകാം.

കൂട്ടക്ഷരങ്ങളുടെ രൂപീകരണത്തിനു പിന്നിലെ യുക്തി മനസ്സിലാക്കുന്നത് പല ആശയക്കുഴപ്പങ്ങളും തെറ്റുകളും ഒഴിവാക്കാനും സഹായിക്കും. പഠിതാക്കളുണ്ടാക്കുന്ന തെറ്റുകൾ പരിശോധിച്ച്, അവർക്ക് നൽകേണ്ട വിശദീകരണങ്ങളും വ്യക്തത വരുത്തേണ്ട ആശയങ്ങളും എന്താണെന്ന് അധ്യാപകർ കണ്ടെത്തണം.

അക്ഷരങ്ങൾ കൃത്യമായ അനുപാതത്തിലും മിഴിവോടെയും എഴുതാൻ പഠിതാക്കളെ സഹായിക്കുന്നതിനായി, കോപ്പി എഴുതിക്കുന്ന രീതി നമ്മുടെ വിദ്യാലയങ്ങളിൽ

പിന്തുടർന്നിരുന്നു. കോപ്പി എഴുതുന്നതു വഴി കൈയക്ഷരം മെച്ചപ്പെടുമെന്ന് സംശയാതീതമായി തെളിയിക്കപ്പെട്ടിട്ടില്ല. ഇരട്ട വരകൾക്കുള്ളിൽ കൃത്യമായ അനുപാതത്തോടും ഭംഗിയോടും എഴുതുന്ന കുട്ടി വരകളില്ലാത്ത കടലാസ്സിൽ എഴുതുമ്പോൾ, ഈ ഗുണങ്ങളൊക്കെ നഷ്ടപ്പെടുന്നതായി കാണാറുണ്ട്. ആധുനിക കാലത്തെ സമീപനം അക്ഷരങ്ങൾ എഴുതി പരിശീലിക്കുന്ന ഘട്ടത്തിൽ വരയില്ലാത്ത കടലാസ്സിൽ എഴുതിക്കുകയും, അക്ഷരങ്ങളുടെ അനുപാതത്തിലും നിരയായി എഴുതുന്നതിലും വളരെയധികം പ്രശ്നങ്ങൾ പ്രകടിപ്പിക്കുന്ന വിദ്യാർഥികളെ മാത്രം ഒരു വരയിട്ട കടലാസ്സിൽ എഴുതാൻ അനുവദിക്കുകയും, തുടർന്നും പ്രശ്നങ്ങൾ ഉള്ളവരെ രണ്ടു വരയിട്ട കടലാസ്സിൽ എഴുതാൻ അനുവദിക്കുകയും ചെയ്യുക എന്നതാണ്. അതേസമയം, അക്ഷരരൂപത്തിൽ പരിചിതമായിക്കഴിഞ്ഞ് വാക്കുകളും വാക്യങ്ങളും എഴുതുന്ന ഘട്ടം മുതൽ ഒറ്റ വരയിട്ട കടലാസിൽ എഴുതുന്നത് എഴുത്തിന്റെ വ്യക്തതയെ (legibility) സഹായിക്കുന്നു എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

2.4.2. ചിഹ്നനം (Punctuation)

ലേഖനവുമായി ബന്ധപ്പെട്ടതാണ് ചിഹ്നനം. പദങ്ങളിലോ വാക്യങ്ങളിലോ യഥാവസരം ചിഹ്നങ്ങൾ ചേർക്കുന്ന സമ്പ്രദായമാണിത്. ആശയവ്യക്തതയോടെ അർഥയുക്തമായി എഴുതുന്നതിന് ചിഹ്നത്തെക്കുറിച്ച് ശരിയായ അറിവുണ്ടായിരിക്കണം. പദഘടനയുടേയും ആശയത്തിന്റെയും വ്യക്തതയ്ക്ക് അനുയോജ്യമായ ചിഹ്നങ്ങൾ ഉപയോഗിക്കണം. ലേഖനം ആരംഭിക്കുന്ന ഘട്ടം മുതൽ തന്നെ ചിഹ്നങ്ങളുടെ ഉപയോഗവും കുട്ടി പരിചയപ്പെടണം. വാക്യത്തിൽ യഥാസ്ഥാനത്ത് ചിഹ്നങ്ങൾ ഇല്ലാതിരുന്നാൽ ആശയക്കുഴപ്പം ഉണ്ടാകുമെന്ന വസ്തുത ഉദാഹരണങ്ങളിലൂടെ ബോധ്യപ്പെടുത്തണം.

ബിന്ദു അഥവാ പൂർണ്ണ വിരാമം (.) ഉപയോഗിക്കേണ്ടത് എപ്പോഴാണെന്ന് ആദ്യമേ പരിചയപ്പെടുത്താം; പാഠങ്ങളിൽ (Text) ഉപയോഗിച്ചിരിക്കുന്ന ചിഹ്നങ്ങളിലേക്ക് കുട്ടികളുടെ ശ്രദ്ധ ആകർഷിച്ച് അവയുടെ ഉപയോഗം വ്യക്തമാക്കിക്കൊടുക്കണം.

ചിഹ്നം

ഭാഷയിലെ ചിഹ്നവ്യവസ്ഥയെ സംബന്ധിച്ചിടത്തോളം പ്രസക്തമായ മുഖ്യ വസ്തുതകൾ താഴെ ചേർക്കുന്ന ശീർഷകങ്ങൾക്കു ചുവടെ സംഗ്രഹിച്ചിരിക്കുന്നു.

1.	പൂർണ്ണവിരാമം	.	2.	അർദ്ധവിരാമം	;
3.	അപൂർണ്ണവിരാമം	:	4.	അൽപ്പവിരാമം	,
5.	ചോദ്യചിഹ്നം	?	6.	സ്തോഭചിഹ്നം	!
7.	വലയം	( )	8.	ഉദ്ധരണി	
9.	ചെറുവര	-		(i) ഒറ്റ ഉദ്ധരണി	‘ ’
				(ii) ഇരട്ട ഉദ്ധരണി	“ ”
10.	നെടുവര	—	11.	പൂരണചിഹ്നം	...
12.	വിശ്ലേഷം	’	13.	നക്ഷത്രചിഹ്നം	*
14.	ചരിവുവര	/	15.	അടിവര	<u>അമ്മ</u>
16.	ചരിവെഴുത്ത്	*അ*	17.	മറ്റു ചിഹ്നങ്ങൾ	

1. പൂർണ്ണവിരാമം (full stop)

മറ്റു പേരുകൾ : ബിന്ദു, കുത്ത്, ഫുൾസ്റ്റോപ്പ്

(i) വാക്യം അവസാനിച്ചു എന്നു സൂചിപ്പിക്കുന്നു.

തിരുവോണം നമ്മുടെ ദേശീയോത്സവമാണ്.

(ii) ചുരുക്കെഴുത്തുകൾക്കു ശേഷം

മി.	മിസ്റ്റർ
ഡോ.	ഡോക്ടർ
ശ്രീ.	ശ്രീമാൻ
ബഹു.	ബഹുമാനപ്പെട്ട
നാ.	നാമം
കി.മീ.	കിലോമീറ്റർ
ക്രി. വി.	ക്രിവാവിശേഷണം
ക്രി.പി.	ക്രിസ്തുവിന് പിൻപ്
സ്വ.ലേ.	സ്വന്തം ലേഖകൻ
കൊ.വ.	കൊല്ലവർഷം
കേ. പ.	കേരള പത്രിക
ഇ.എം.എസ്.	ഏലംകുളംമനയ്ക്കൽ ശങ്കരൻ നമ്പൂതിരിപ്പാട്
റെ.വ.	റെവറൻഡ്

(iii) ഗവേഷണ പ്രബന്ധങ്ങളും മറ്റും അധ്യായം, ഖണ്ഡിക മുതലായ വിഭാഗങ്ങൾ സൂചിപ്പിക്കുന്ന അക്കങ്ങൾക്കു ശേഷം പൂർണവിരാമം ഇടാറുണ്ട്.

1.2.3. (ഒന്നാം അധ്യായത്തിലെ രണ്ടാം ഖണ്ഡത്തിലെ മൂന്നാമത്തെ ഖണ്ഡിക.)

ക്രമനമ്പറുകൾക്കുശേഷം

II. 18. (രണ്ടാം അധ്യായത്തിലെ 18 -ാം ഉദാഹരണം)

2. അർദ്ധവിരാമം (Semicolon)

മറ്റു പേരുകൾ : രോധിനി, സെമിക്കോളൻ

വ്യാകരണപരമായി വിഭിന്നങ്ങളെങ്കിലും അർത്ഥം കൊണ്ട് ബന്ധപ്പെട്ട വാക്യങ്ങളെ ബന്ധിപ്പിക്കന്നതിന് ഉപയോഗിക്കുന്ന അടയാളം

നിങ്ങൾ മുന്നിൽ നടക്കൂ ; ഞാൻ പുറകേ വരാം.

ഉത്തമനായ പുത്രൻ പിതൃഹിതം അന്വേഷിച്ചറിഞ്ഞ് വേണ്ടത് പ്രവർത്തിക്കും; കൽപ്പിക്കാനുള്ള അവസരം ഉണ്ടാക്കുകയില്ല.

3. അപൂർണവിരാമം (Colon)

മറ്റു പേരുകൾ : ഭിത്തിക, കോളൻ

(i) സമതുലിതമായ വാക്യങ്ങളെ ബന്ധിപ്പിക്കുന്നു.

ആശകൊടുക്കാതിരിക്കുക : നിരാശപ്പെടുത്താതിരിക്കുക.

(ii) ഒരു പ്രസ്താവത്തെ അതിനെത്തുടർന്ന് നൽകുന്ന ഉദാഹരണങ്ങളോടോ വിശദീകരണങ്ങളോടോ ബന്ധിപ്പിക്കുന്നു.

ശബ്ദം രണ്ടുവിധം ഉണ്ട് : വാചകം, ദ്യോതകം

(iii) സാഹിത്യകൃതികളിലെ സംഭാഷണങ്ങളിൽ കഥാപാത്രത്തിന്റെ പേരിനുശേഷം

മഹാരാജാവ് : കേശവാ

കേശവപിള്ള : അടിയൻ

(iv) 'താഴെച്ചേർക്കുന്നു, ഇവിടെ ഉദ്ധരിക്കാം, ഇങ്ങനെ പറയുന്നു' തുടങ്ങിയ സൂചകവാക്യങ്ങളുടെ അന്ത്യത്തിൽ

ക്ലാസ്സുമുറിയിലെ വസ്തുക്കളുടേയും ഉപകരണങ്ങളുടേയും ഒരു പട്ടിക താഴെ ചേർക്കുന്നു :

മേശ ബോർഡ് കസേര

ബഞ്ച് ചോക്ക്

ഏകാഗ്രത പരിശോധിക്കുവാൻ ഒരു ഖണ്ഡിക ഇവിടെ ഉദ്ധരിക്കാം: "മനുഷ്യരെല്ലാവരും ഏതെങ്കിലും ഒരു ശക്തിയുടെ പ്രേരണ കൊണ്ടാണ് .... എന്നേ പറയാൻ കഴിയൂ"

4. അൽപവിരാമം (Comma)

മറ്റു പേരുകൾ : അങ്കുശം, കോമ

ആശയഗ്രഹണം എളുപ്പമാക്കാൻ ചെറുതായൊരു നിറുത്തൽ വേണ്ടിവരുന്നിടത്ത് ഉപയോഗിക്കുന്നു.

(i) **സംബോധനയ്ക്കുശേഷം**

സുഹൃത്തേ, അവിടെ നിന്നാലും

മാന്യരേ,

എങ്കിലും സുഹൃത്തേ, ഇതു ശരിയാണോ?

(ii) സങ്കീർണ്ണവാക്യത്തിൽ അംഗവക്യത്തെ സൂചിപ്പിക്കുന്നതിന്

നിങ്ങൾ നിർബന്ധിച്ചിരുന്നെങ്കിൽ, ഞാൻ വരുമായിരുന്നില്ല.

(iii) സമുച്ചയ വികൽപ്പങ്ങൾ ഒഴിവാക്കിക്കൊണ്ട് വാക്കുകളെ സംയോജിപ്പിക്കുമ്പോൾ.

ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരാണ് ആധുനിക കവിത്രയം.

കുറിപ്പ് : *ഉം, ഓ എന്നിവ ചേർത്തുപയോഗിക്കുമ്പോൾ അൽപ്പവിരാമ ചിഹ്നം ആവശ്യമില്ല. എന്നാൽ സംയോജിതപദങ്ങളെ ഗണം തിരിച്ചു പറയേണ്ടിവരുമ്പോൾ അൽപ്പവിരാമചിഹ്നം വേണം.*

കറുപ്പും വെളുപ്പും, ജനനവും മരണവും, നൻമയും തിന്മയും സഹാനുവർത്തികളായ പ്രതിഭാസങ്ങളാണ്.

(iv) ഗർഭിതവാക്യത്തിന്റെ ഇരുവശത്തും വലയമോ നെടുവരയോ ഉപയോഗിക്കാത്തപ്പോൾ

ഞാൻ പറഞ്ഞതുപോലെ ചെയ്തില്ലെങ്കിൽ, ഇപ്പോഴേ പറഞ്ഞേക്കാം, പിന്നെ ഒന്നിനും എന്റെ സഹായം പ്രതീക്ഷിക്കേണ്ടാ.

(v) വാക്യാംശങ്ങൾ പതിവിൻപടിക്കല്ലാതെ തിരിച്ചിടുമ്പോൾ.

ഞാൻ എപ്പോൾ സംസാരിക്കാൻ പോകുന്നത്, ആശാൻ കവിതയിലെ ആത്മീയാനുഭൂതികളെക്കുറിച്ചാണ്.

(vi) ചില വാക്യാംശങ്ങളെ മറ്റുള്ളവയിൽനിന്നു വേർതിരിച്ചു കാണിക്കാൻ

ചുരുക്കത്തിൽ, ചിഹ്നം ആശയവ്യക്തതയ്ക്കുവേണ്ടിയാണ്.

ചരിത്രത്തിൽ, അനുകൂലമായ കാറ്റ് എപ്പോഴും ഒരു ഭാഗത്തേക്കുതന്നെ വീശിയതായി രേഖപ്പെടുത്തിയിട്ടില്ല.

(vii) ചില വാക്യാംശങ്ങളുടെ ആവർത്തനം ഒഴിവാക്കാൻ

ശാസ്ത്രം പ്രകൃതിയെ അപഗ്രഥിക്കുന്നു, കല ഉൽഗ്രഥിക്കുന്നു.

സംഗീതം മനുഷ്യമനസ്സിനെ ആഹ്ലാദിപ്പിക്കുന്നു, സാഹിത്യവും.

കലാകാരൻ കലയെ സ്നേഹിക്കുന്നു, ജീവിതത്തേയും.

5. ചോദ്യചിഹ്നം (Intorrogation Mark)

മറ്റു പേരുകൾ : കാകു,

ചോദ്യം സൂചിപ്പിക്കുന്നു.

നീ വരുന്നോ?
നിനക്കു ചായ വേണോ?
അവൻ പോയില്ലേ?

(i) സംശയം ദ്യോതിപ്പിക്കുന്നതിന്

തൊൽകാപ്പിയമാണ് തമിഴിലെ ആദ്യത്തെ (?) വ്യാകരണ ഗ്രന്ഥം. രാമചരിതം 13 -ാം ശതകത്തിൽ (?) വിരചിതമായി.

(ii) ഘടനാപരമായി ചോദ്യരൂപത്തിലല്ലെങ്കിലും അർത്ഥപരമായി ചോദ്യമാണെങ്കിൽ ചോദ്യചിഹ്നമിടണം.

നീ പരീക്ഷാഫലം നേരത്തേഅറിഞ്ഞു?

നീ ഇന്നലേയും നേരത്തേ പോയി?

കുറിപ്പ് : *സങ്കീർണ്ണവാക്യത്തിൽ അംഗവാക്യങ്ങൾ ചോദ്യാർത്ഥകമാണെങ്കിലും ചോദ്യചിഹ്നം ചേർക്കരുത്.*

എന്റെ പുസ്തകം നിങ്ങളുടെ കൈയ്യിലുണ്ടോ എന്നാണെനിക്കറിയേണ്ടത്.

6. സ്തോഭചിഹ്നം (Exclamation Mark)

മറ്റു പേരുകൾ : വിക്ഷേപിണി, ആശ്ചര്യചിഹ്നം, എക്സ്ക്ലമേഷൻ മാർക്ക്

അത്ഭുതം, സങ്കടം, സന്തോഷം, പരിഹാസം തുടങ്ങിയ സ്തോഭങ്ങൾ (വികാരങ്ങൾ) ദ്യോതിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന അടയാളം.

ക്ലിന്റ് ഏഴു വയസ്സിനുള്ളിൽ ഇരുപതിനായിരത്തിൽപ്പരം ചിത്രം വരച്ചു!

അയ്യോ! അയ്യോ! അപ്പൂ! അയ്യോ മോനേ!
പോടാ! നീയാരെടാ! മൂഢാ!

എന്റപ്പ! ഏതായാലും ഇത്തവണ ഞാൻ തന്നെ ജയിച്ചു.
ഈ അപ്പുവിന്റെ ഒരു ബഡായി!
വന്നോ, മഹാപാപീ!

7. വലയം (Braket)

മറ്റു പേരുകൾ : ആവരണം, കോഷ്ഠം, ബ്രാക്കറ്റ്

വാക്യത്തിനുള്ളിലോ വാക്യത്തിനു പുറത്തോ വിശദീകരണം,സമാനപദം, നിർദേശം തുടങ്ങിയവ സന്നിവേശിപ്പിക്കുമ്പോൾ ഉപയോഗിക്കുന്ന അടയാളം. വലയത്തിനകത്തെ ഭാഷണാംശങ്ങൾക്ക് പുറത്തെ വാക്യവുമായി ഘടനാബന്ധമില്ല.

സഖ്യശക്തികൾ (ഇംഗ്ലണ്ടും ഫ്രാൻസും ഇറ്റലിയുമെല്ലാം) അമേരിക്കയ്ക്കു പണം കൊടുക്കുവാനുണ്ട്.

യേശുവിന്റെ കഥകൾ ബൈബിളിലെ പഴയ നിയമത്തിൽ (ഓൾഡ് ടെസ്റ്റ് മെന്റ്) വിവരിച്ചിട്ടുണ്ട്.

റജീന : (താഴ്ന്നസ്വരത്തിൽ) കൊച്ചമ്മേ.
എന്ന്, സ്വന്തം രമേശ് (ഒപ്പ്)

(i) കർത്താവ്, കൃതി, കാലം ഇത്യാദി സൂചിപ്പിക്കാൻ

" കുട്ടികളോട് നല്ല വാക്കു പറയുക, ഉൽസാഹിപ്പിക്കുക
തീർച്ചയായും ക്രമേണ അവർ നല്ലവരാകും."

(സ്വാമി വിവേകാനന്ദൻ)

"സ്നേഹമാണഖിലസാരമൂഴിയിൽ
സ്നേഹസാരമിഹസത്യമേകമാം."

(നളിനി)

" ക്രോധം പരിത്യജിക്കേണം ബുധജനം" (അധ്യാത്മരാമായണം, എഴുത്തച്ഛൻ 16 -ാം നൂറ്റാണ്ട്.

(ii) വലയത്തിനുള്ളിൽ ചോദ്യചിഹ്നം കൊടുക്കുമ്പോൾ സംശയത്തെ സൂചിപ്പിക്കുന്നു.

ക്രി. പി. നാലാംനൂറ്റാണ്ടിലെ (?) കാളിദാസനേക്കാൾ പൂർവ്വികനും ബഹുമാന്യനുമാണ് ഭാസൻ.

(iii) സൂക്ഷ്മമായ വിവർത്തനങ്ങളിലും വ്യാഖ്യാനിക്കുമ്പോഴും ഉദ്ധരിക്കുമ്പോഴും അർത്ഥവ്യക്തതയ്ക്കായി ഇടയ്ക്കു ചേർക്കേണ്ടിവരുന്ന വാക്കുകൾ വലയത്തിൽ കൊടുക്കണം.

സൂര്യപ്രഭ: വംശ: ക്വ - സൂര്യനിൽ നിന്നുളവായ (രാജ) വംശമെവിടെ?

കുറിപ്പ് : *രഘുവംശം രണ്ടാം ശ്ലോകത്തിലെ ആധ്യവരിയുടെ വ്യാഖ്യാനത്തിൽ കുട്ടികൃഷ്ണമാരാർ 'രാജ' ശബ്ദം ചേർത്ത് അർത്ഥവ്യക്തത വരുത്തിയിരിക്കുന്നു.*

" (അവൾ) നാട്ടിൽ പോകട്ടെ; പോയാൽ ഞാനും കൂടെ പോകും. "

" ഈ (അശോകന്റെ) ശിലാശാസനങ്ങളിൽ പറഞ്ഞുകാണുന്ന 'ധർമം' ബുദ്ധധർമമാണ്."

(iii) വലയത്തിനുള്ളിൽ വലയം (ഇവ ഒന്നോ അതിലധികമോ ആകാം) ഉപയോഗിക്കേണ്ട സന്ദർഭം വരാം; അപ്പോൾ പുറത്തേത് ചതുരവലയം [ ] ആവണം. വിജ്ഞാന സാഹിത്യത്തിലോ മറ്റോ മൂന്നാമതൊരു വലയം വേണ്ടിവന്നാൽ അത് ധനുഷ്കോഷ്ഠം ആക്കുക. വലയങ്ങളുടെ ക്രമം ചുരുക്കത്തിൽ എങ്ങനെ വേണം: {[(അമ്മ)]}

ഇന്ത്യയിലെ ഭാഷകൾ മുഖ്യമായി രണ്ടുഗോത്രത്തിൽ [ഇന്തോ യൂറോപ്യനും (ഹിന്ദി, ബംഗാളി മുതലായവ) ദ്രാവിഡവും (മലയാളം, തമിഴ് മുതലായവ)] പെടും.

(iv) രൂപഭേദം സൂചിപ്പിക്കാൻ

കസേര (കസാല)

8. ഉദ്ധരണി (Quotation mark)

ഉദ്ധരിച്ച ഭാഗം ഏതെന്ന് വേർതിരിച്ചു കാട്ടുന്ന ചിഹ്നം. ഇരട്ട ഉദ്ധരണിയും ഒറ്റ ഉദ്ധരണിയുമുണ്ട്.

(i) ഇരട്ട ഉദ്ധരണി (Double Quotation mark)

അതേപടി എടുത്തുചേർക്കുമ്പോൾ ഇരട്ട ഉദ്ധരണി ഉപയോഗിക്കുന്നു.

" മിണ്ടിത്തുടങ്ങാൻ കൊതിക്കുന്ന പിഞ്ചിളം
ചുണ്ടിൻമേലമ്മിഞ്ഞപ്പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ് "

" മറ്റെല്ലാമെന്നപൊലെ ഭാഷയും മാറിക്കൊണ്ടിരിക്കുകയാണ്. പക്ഷേ നമ്മുടെ ഭാഷ നമ്മുടേതാണ്. അത് മറ്റേതെങ്കിലും ഭാഷയുടെ ഫോട്ടോഔകാൻ പാടില്ല "

(ii) ഒറ്റ ഉദ്ധരണി (Single Quotation mark)

(a) **പ്രസക്തമായ വാക്യത്തിൽ നിന്നു തന്നെ വക്താവാരെന്നു കൂടി വ്യക്തമാവുന്നുണ്ടെങ്കിൽ ഒറ്റ ഉദ്ധരണിയേ വേണ്ടൂ.**

' ഒരു ജാതി, ഒരു മതം, ഒരു ദൈവ'മെന്നാണ്
ശ്രീനാരായണഗുരു ഉദ്ബോധിപ്പിച്ചത്.
' ഞാൻ വരാ'മെന്ന് അവൻ പറഞ്ഞു.

(b) **ഗ്രന്ഥങ്ങളുടേയു മറ്റും പേര്, സാങ്കേതിക സംജ്ഞകൾ, നിശ്ചിത വാക്യഭാഗങ്ങൾ എന്നിവ എടുത്തുകാണിക്കാൻ ഒറ്റ ഉദ്ധരണി മതിയാകും; ഗ്രന്ഥരൂപത്തിലല്ലാത്ത ലേഖനങ്ങളുടെയും മറ്റും പേര് ഗ്രന്ഥസൂചിയിലും വിവരണങ്ങളിലും മറ്റും എടുത്തു കാണിക്കുന്നത് ഒറ്റ ഉദ്ധരണി കൊണ്ടാണ്.**

തകഴിസാഹിത്യത്തിന് 'ഓടസാഹിത്യം' എന്നൊരോമനപ്പേരിടാൻ അഭിജാത സഹൃദയൻമാരിൽ ചിലർ വെമ്പിക്കണ്ടിട്ടുണ്ട്.

'മണിപ്രവാള ലക്ഷണം' എന്നു മാത്രം ഗ്രന്ഥകാരൻ വിശേഷിപ്പിക്കുന്ന ' ലീലാതിലകത്തെ' മലയാളത്തിന്റെ ആദ്യവ്യാകരണ ഗ്രന്ഥം എന്നു കരുതുന്നവരുണ്ട്. 'കഥാർസിസും' 'സാധാരണീകരണവും ' സമാനമാണ്.

കുറിപ്പ് : *പൂർണവിരാമം (.) ചോദ്യചിഹ്നം (?), സ്തോഭചിഹ്നം (!), പൂരണചിഹ്നം (.....) എന്നിവയിൽ ഒരെണ്ണം യഥോചിതം ചേർത്തതിനുശേഷമേ ഉദ്ധരണിയും വലയവും അതതു ചിഹ്നം കൊണ്ടു പൂർത്തിയാക്കാവൂ.*

വിരാമത്തെ കുറിക്കുന്നതാണ് പൂർണവിരാമം (കുട്ടികൃഷ്ണമാരാർ)

ചിഹ്നത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് എ.ആർ.രാജരാജവർമ്മ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

(രണ്ടു പുരയിടങ്ങളുടെ അതിർത്തിയിൽ നിൽക്കുന്ന വൃക്ഷങ്ങൾ ആ വശത്തു ചേരുന്നുവെന്നും ഈ വശത്തു ചേരുന്നുവെന്നും കുടിയാന്മാർക്കു വാദം വരുമ്പോൾ

കണ്ടെഴുത്തുകാർ തീരുമാനപ്പെടുത്തുന്നതിനുവേണ്ടി ഡിമാർക്കേഷൻ ചെയ്യുമ്പോലെ വൈകാരണൻമാർ അങ്ങോട്ടുമിങ്ങോട്ടും അന്വയിക്കാവുന്ന വാചകങ്ങളെ ഇന്നതിൽ ചേരേണ്ടതെന്ന് വ്യവസ്ഥപ്പെടുത്താൻ വേണ്ടി ചിഹ്നനം ചെയ്യുന്നു.)

"ദേവനാം പ്രിയ'നായ (9 ശിലാശാസനങ്ങളിൽ അദ്ദേഹത്തെപ്പറ്റി അങ്ങനെയാണ് പറഞ്ഞുകാണുന്നത്.) അശോകന്റെ തന്റെ ദൂതന്മാരേയും സ്ഥാനപതിളേയും വിദൂരദേശങ്ങളിലേക്ക് നിയോഗിച്ചയച്ചു."

9. ചെറുവര (dash / hyphen)

മറ്റു പേരുകൾ : ശൃംഖല, ഡാഷ് , ഹൈഫൻ

പദവിഭജനത്തേയോ ഒരു പദം മുറിച്ച് രണ്ടു വരിയായി എഴുതേണ്ടിവരുമ്പോൾ ഒന്നാംവരിയുടെ ഒടുവിൽ തുടർച്ച കാണിക്കാനായി ചെറുവര ഇടുന്നു.

" സ്വന്തകർമവശരായ് തിരിഞ്ഞിടു -
ന്നന്തമറ്റ ബഹുജീവകോടികൾ"

(ii) സമാനപദങ്ങളെ ബന്ധിപ്പിക്കുന്നതിന്

ചീനാ - ജപ്പാൻ യുദ്ധം

കേന്ദ്ര - സംസ്ഥാന ബന്ധം

ആൻഡമാൻ - നിക്കോബാർ ദ്വീപുകൾ

ഹിന്ദു - മുസ്ലീം മൈത്രി

ബ്രിട്ടീഷ് - ഫ്രഞ്ച് - അമേരിക്കൻ കപ്പൽപ്പട

(iii) പ്രത്യയങ്ങളും മറ്റും അക്കങ്ങളോടും മറ്റും ചേർക്കുമ്പോഴത്തെ അസ്വാഭാവികത ഒഴിവാക്കാൻ

5 -ാം തീയതി

കചടതപ - കൾ

3 - ഉം 4 - ഉം

(iv) A തൊട്ടു B വരെ എന്ന മട്ടിലുള്ള പ്രയോഗങ്ങളിൽ

1995 - '96

കൊല്ലം - തിരുവനന്തപുരം പാസഞ്ചർ

അവലംബം : മലയാളം അച്ചടിയും എഴുത്തും ഒരു സ്റ്റൈൽ പുസ്തകം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

2.4.3. ലേഖനം- ബോധന സമീപനങ്ങൾ

ലേഖനം ക്ലാസിൽ ഉപയോഗിക്കുന്നത്, പഠനത്തിനും ബോധനത്തിനുമുള്ള ഒരു ഉപകരണമായിട്ടായിരിക്കാം അല്ലെങ്കിൽ ലേഖനശേഷി മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയായിരിക്കാം. എല്ലാ ലേഖന പ്രവർത്തനങ്ങളിലും മറ്റു ശേഷികൾ ഉൾപ്പെടുന്നു. ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പഠിതാവ് വിവരം ശേഖരിക്കുക, താരതമ്യം ചെയ്യുക, വാദഗതികൾ പരിശോധിക്കുക, ആശയങ്ങൾ ചിട്ടപ്പെടുത്തുക തുടങ്ങിയ നിരവധി ശേഷികളിലൂടെ കടന്നുപോവുകയാണ്. ലേഖനശേഷി മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള ലേഖനമാണ് മറ്റൊന്ന്. ഇവ രണ്ടും അനുയോജ്യമായി ഏകോപിപ്പിക്കാം.

ഉള്ളടക്കവും അവതരണ രീതിയും

ആശയപരമായ ഉള്ളടക്കവും അവതരണരീതിയും തമ്മിലുള്ള തുലനം എന്തായിരിക്കണം എന്ന പ്രശ്നം എല്ലാ ലേഖനപ്രവർത്തനങ്ങളും ഉയർത്തുന്നുണ്ട്. ലേഖനത്തിന്റെ ലക്ഷ്യം ആശയവിനിമയമാണല്ലോ. അതിനാൽ ഒരു ലേഖനത്തിന്റെ ഏറ്റവും പ്രധാനമായ വശം അതിൽ അടങ്ങിയിട്ടുള്ള ആശയങ്ങളാണ് എന്ന് പറയാം. അതേ സമയം ഫലപ്രദമായ വിധത്തിൽ അവതരിപ്പിച്ചില്ലെങ്കിൽ ആശയവിനിമയത്തിന് തടസ്സമുണ്ടാകാം. അതിനാൽ ആശയങ്ങൾ ഏതു രീതിയിൽ അവതരിപ്പിക്കുന്നു എന്നതും പ്രധാനമാണ്. ലേഖനപ്രവർത്തനങ്ങളിൽ ഇതിൽ ഏതു ഘടകത്തിന് പ്രാധാന്യം നൽകണമെന്ന് മുൻകൂട്ടി തീരുമാനിക്കാൻ കഴിയുകയില്ല. ഓരോ ലേഖനദൗത്യത്തിന്റെയും സ്വഭാവമനുസരിച്ച് തീരുമാനിക്കേണ്ട ഒന്നാണ് ഇത്.

പ്രാരംഭ ഘട്ടത്തിന് അനുയോജ്യമായ ലേഖനപ്രവർത്തനങ്ങൾ

- ഒരു പ്രത്യേക കാര്യം ചെയ്യാനുള്ള നിർദേശങ്ങൾ എഴുതുക (ഉദാ: പാചകക്കുറിപ്പ്, ഒറിഗാമി രൂപങ്ങൾ ഉണ്ടാക്കുക.)
- വ്യക്ത്യനുഭവങ്ങൾ
- പ്രകൃതി ദൃശ്യങ്ങളുടെ വിവരണം
- വ്യക്തികളെക്കുറിച്ചുള്ള വിവരണം
- കത്തുകൾക്ക് മറുപടി തയ്യാറാക്കൽ
- ജോലിക്കുള്ള അപേക്ഷ തയ്യാറാക്കൽ
- മാറ്റങ്ങൾ നിർദേശിക്കൽ (ഉദാ: സ്കൂൾ നടത്തിപ്പിൽ, ട്രാഫിക് നിയന്ത്രണത്തിൽ....)
- വാർത്ത തയ്യാറാക്കുക
-

2.5. പദാവലീ വികസനം

മലയാളത്തിന്റെ പദാവലി-പ്രശ്നങ്ങളും പരിമിതികളും

മലയാളത്തിന്റെ പദാവലിയിൽ വലിയൊരു ഭാഗം സംസ്കൃതത്തിൽ നിന്നു കടം കൊണ്ടതാണ്, പ്രത്യേകിച്ചും ശാസ്ത്ര സാങ്കേതിക പദങ്ങൾ. ഇവ പഠിതാവിന് പല തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ശാസ്ത്രസാങ്കേതിക സന്ദർഭങ്ങളിലോ പാഠപുസ്തകങ്ങളിലോ അല്ലാതെ ഈ പദങ്ങൾ കേൾക്കാനുള്ള അവസരം പഠിതാക്കൾക്ക് ലഭിക്കുന്നില്ല. ഇതിലും പ്രധാന പ്രശ്നം ഇവയിൽ പലതും പഠിതാവിൽ അർഥബോധം ജനിപ്പിക്കുന്നില്ല എന്നതാണ്. ഒരു പ്രത്യേക സന്ദർത്തിൽ പ്രയോഗിക്കുകയും, നിർവചനം വഴിയോ വിശദീകരണം വഴിയോ ആ പദം എന്തിനെ സൂചിപ്പിക്കുന്നു എന്നു മനസ്സിലാക്കുകയും ചെയ്യുന്നുവെങ്കിലും അത്തരം പദങ്ങളുടെ അർഥം ഭാഷാപരമായ ഒരറിവായി മാറുന്നില്ല. സംസ്കൃതത്തിൽ നിന്നു കടം കൊണ്ട പ്രത്യയങ്ങളും ഇതേ പ്രശ്നം ഉണ്ടാക്കുന്നുണ്ട്.

2.5.1. പദാവലീ വികസനം - വ്യത്യസ്ത സമീപനങ്ങൾ

പദങ്ങൾ, പദപ്രയോഗങ്ങൾ, സംയുക്ത പദങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട അറിവുകളും പ്രയോഗശേഷിയുമാണ് പദാവലി (vocabulary) എന്നതിൽ ഉൾപ്പെടുന്നത്.

ഒരു പദം സ്വായത്തമാക്കിയതായി കണക്കാക്കണമെങ്കിൽ ആ പദത്തെക്കുറിച്ച് താഴെ പറയുന്ന തരത്തിലുള്ള അറിവുകൾ പഠിതാവിനുണ്ടായിരിക്കണം.

- ശരിയായ ഉച്ചാരണം
- ശരിയായ എഴുത്തുരീതി
- പദത്തിന്റെ വ്യാകരണ സവിശേഷതകൾ (ഉദാ: മഹത്തായ നടൻ എന്നല്ല, മഹാനായ നടൻ എന്നാണ് പ്രയോഗിക്കേണ്ടത് എന്ന് മനസ്സിലാക്കുമ്പോഴേ മഹാൻ എന്ന പദത്തെക്കുറിച്ചുള്ള പ്രയോഗശേഷി പൂർണമാകുന്നുള്ളൂ)
- സഹസ്ഥിതപദങ്ങൾ (Collocation): ഒരു പദത്തോട് ചേരുന്ന മറ്റു പദങ്ങൾ ഏതൊക്കെയാണ് (ഉദാ: മഹാവ്യാധി, മഹാരോഗം എന്നൊക്കെ പറയാറുണ്ടെങ്കിലും മഹാഅസുഖം എന്നു പറയാറില്ല.)
- പദത്തിന്റെ അർഥം

(1) വാച്യാർഥം (denotative meaning)

(2) സൂചിതാർഥം (connotative meaning) (ഓന്ത് എന്ന പദത്തിന്റെ വാച്യാർഥം ഇഴജന്തുക്കളുടെ വർഗത്തിൽ പെട്ട ഒരുതരം ജീവി എന്നാണ്. 'സന്ദർഭമനുസരിച്ച് സ്വഭാവം മാറുന്നവൻ' എന്നതാണ് സൂചിതാർഥം.

(3) അനുയോജ്യത (appropriateness) (വാക്കുകൾ സന്ദർഭങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. മരിക്കുക, ചാവുക എന്നീ വാക്കുകൾക്ക് ഒരേ അർഥമാണെങ്കിലും ഓരോന്നും ഉപയോഗിക്കുന്നത് വ്യത്യസ്ത സന്ദർഭങ്ങളിലാണ്.)

- അർഥ ബന്ധങ്ങൾ

(1) പര്യായങ്ങൾ (Synonyms)

(2) വിപരീത പദങ്ങൾ

(3) ഉപപദങ്ങൾ (hyponyms) മയിൽ, കരടി, എരുമ, പശു എന്നിവയെല്ലാം മൃഗം എന്ന പദത്തിന്റെ ഉപപദങ്ങളാണ്.

(4) ഉപരിപദങ്ങൾ (superordinates): 'മൃഗം' എന്നത് മയിൽ, കരടി, എരുമ, പശു എന്നിവയുടെ ഉപരിപദമാണ്.

- പദരൂപനം- ഒരു പദത്തിൽ നിന്ന് മറ്റ് ഏതൊക്കെ പദങ്ങൾ ഏതു രീതിയിൽ സൃഷ്ടിക്കാം? തുടരുക എന്നതിൽ നിന്ന് തുടരൻ, തുടർച്ച എന്നീ പദങ്ങൾ ഉണ്ടാക്കാം.

പദാവലി അവതരിപ്പിക്കാനുള്ള രീതികൾ

- നിർവചനം (നിഘണ്ടുക്കളിലേതുപോലെ)
- വിവരണം (രൂപം, സവിശേഷതകൾ)
- ഉദാഹരണങ്ങൾ
- ചിത്രീകരണം (ചിത്രം, ഗ്രാഫുകൾ)
- പ്രദർശനം (അഭിനയം, അനുകരണം)
- സന്ദർഭം (ഏതു വാക്യത്തിലാണ് അല്ലെങ്കിൽ കഥയിലാണ് പദം ഉള്ളതെന്ന് വിശദീകരിക്കുക)
- പര്യായങ്ങൾ
- വിപരീത പദങ്ങൾ

- ബന്ധപ്പെട്ട ആശയങ്ങൾ, സഹപദങ്ങൾ
- വിവർത്തനം (അനുയോജ്യമെങ്കിൽ)

പ്രവർത്തനം

താഴെ പറയുന്ന പദങ്ങളുടെ അർഥവും പ്രയോഗവും പഠിതാക്കൾക്ക് മനസ്സിലാകാനായി അവ ക്ലാസ്സിൽ ഏതു രീതിയിൽ അവതരിപ്പിക്കാമെന്ന് ചർച്ച ചെയ്ത് വിശദീകരിക്കുക.

സ്വാതന്ത്ര്യം, നിരാകരണം, വിസ്മയം, നൻമ, പെരുക്കം, വ്യാപനം, തിടുക്കം, അനന്തരാവകാശി, സ്മരണ, ഓർമപുതുക്കൽ, വ്യാഖ്യാനം, വ്യവസ്ഥ, സജ്ജീകരണം, ലാളിത്യം, ഗാർഹികം, ഏകോപനം, തൽക്കാലം, ആവേശം, എതിർപ്പ്

പദാവലീ വിജ്ഞാനം വിലയിരുത്താനുള്ള രീതികൾ

ബ്രെയിൻ സ്റ്റോർമിങ്, ബഹൂത്തര ചോദ്യങ്ങൾ (multiple choice questions), കൂട്ടത്തിൽ ചേരാത്തത് കണ്ടെത്തുക (odd one out), ചേരുംപടി ചേർക്കുക (matching), വാക്യത്തിൽ പ്രയോഗിക്കുക (writing sentences), കേട്ടെഴുത്ത് (dictation), പൂരിപ്പിക്കുക(gap filling), വിവർത്തനം, വാക്യപൂരണം (sentence completion).എന്നിവ പദാവലി വിജ്ഞാനം വിലയിരുത്താനായി ഉപയോഗിക്കാം.

2.5.2. പദാവലി ബോധനം-ശ്രദ്ധവയ്ക്കേണ്ട ചില വസ്തുതകൾ

- അവതരിപ്പിക്കുന്ന വാക്കുകളുടെ അർഥം വ്യക്തവും എളുപ്പം ഗ്രഹിക്കാവുന്നതുമായാൽ ബോധനം ഫലപ്രദമാകും.
- പദങ്ങളെ പരസ്പരം ബന്ധിപ്പിച്ചും, പഠിതാവിന് നേരത്തേ അറിയാവുന്നതുമായ പദങ്ങളോട് ബന്ധിപ്പിക്കുന്നതും ബോധനത്തെ ഫലപ്രദമാക്കും.
- പദാവലി കഴിയുന്നതും സന്ദർഭത്തോട് ബന്ധപ്പെടുത്തിയാണ് അവതരിപ്പിക്കേണ്ടത്. അതേസമയം, ഒരു കൂട്ടം പദങ്ങൾ ഒരുമിച്ച് അവതരിപ്പിക്കേണ്ട അവസരം ഉണ്ടാകുന്നെങ്കിൽ, അവ വ്യതിരിക്തമായ ചെറിയ കൂട്ടങ്ങളായി വേണം അവതരിപ്പിക്കേണ്ടത്. പദങ്ങളുടെ എണ്ണം കൂടുംതോറും ഒരുമിച്ച് പദങ്ങൾ അവതരിപ്പിക്കുന്ന രീതിയുടെ ഫലക്ഷമത കുറയുന്നു. പാഠത്തിനു മുൻപ് പദങ്ങൾ അവലോകനം ചെയ്യുകയും, പാഠസന്ദർഭത്തിൽ വിശദമായി പരിശോധിക്കുകയും, പിന്നീട് പ്രബലനം ചെയ്യുകയോ, മൂല്യനിർണയത്തിനു വിധേയമാക്കുകയോ ചെയ്യുന്ന രീതി ഏറെ ഫലപ്രദമാണ്.
- വ്യക്തിപരമായ പ്രസക്തിയുള്ളതോ വൈകാരികബന്ധങ്ങളുള്ളതോ ആയ വാക്കുകൾ കൂടുതൽ ഓർത്തിരിക്കുന്നു. (ഉദാ: ഒരു കാർഷിക കുടുംബ പശ്ചാത്തലമുള്ള കുട്ടി, കൃഷിയെ സംബന്ധിച്ച വാക്കുകൾ കൂടുതൽ ഓർത്തിരിക്കുന്നു.)
- പദങ്ങളെ അർഥത്തിന്റെ അടിസ്ഥാനത്തിൽ ബന്ധിപ്പിച്ചുകൊണ്ടാണ് ഓർമയിൽ സൂക്ഷിക്കുന്നത്.
- പദങ്ങൾ ഒരു പട്ടികയായി അവതരിപ്പിക്കുമ്പോൾ, പട്ടികയുടെ ആദ്യഭാഗത്തെ പദങ്ങൾ, കൂടുതൽ ഓർത്തുവയ്ക്കുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. അതിനാൽ, കൂടുതൽ പ്രാധാന്യമുള്ള പദങ്ങൾ പട്ടികയുടെ ആദ്യഭാഗത്ത് വരാൻ ശ്രദ്ധിക്കണം.

2.5.3. നിഘണ്ടുക്കളുടെ ഉപയോഗം

ഭാഷയിലൂടെ മാത്രമേ വിജ്ഞാന വിനിമയം സാധ്യമാകൂ എന്നതിനാൽ ഏതുതരത്തിലുള്ള വിദ്യാഭ്യാസത്തിനും വേണ്ട മാധ്യമം ഭാഷാപ്രധാനമായിരിക്കും. അസന്നിഗ്ധമായി നിർവചിക്കപ്പെട്ട ധൈഷണികതലമാണ് നിഘണ്ടുക്കളിൽ കാണുക. അതിലെ

ശബ്ദശേഖരത്തിന്റെയും വ്യാഖ്യാനത്തിന്റെയും വ്യാപ്തി ബോധനവിദ്യയിലും വിനിമയത്തിലും അധിഷ്ഠിതമണ്.

ബിരുദബിരുദാനന്തര പഠനങ്ങൾ നടത്തുന്ന അധ്യേതാക്കൾപോലും പലപ്പോഴും നിഘണ്ടു ഉപയോഗിക്കുന്ന ശീലമുള്ളവരല്ല. മലയാളമഹാനിഘണ്ടു വകുപ്പ് നടത്തിയ ഒരു പഠനം തെളിയിക്കുന്നത് പഠനത്തിന്റെ ഭാഗമായി നിഘണ്ടുക്കൾ ഉപയോഗിക്കുന്ന രീതിയും കൂടി കുട്ടികളെ പഠിപ്പിക്കേണ്ടത് അനിവാര്യമാണെന്നാണ്.

നിഘണ്ടുക്കളിൽ പൊതുവെ അംഗീകൃതമായ ലിപിവിന്യാസം പരമ്പരാഗതമായ അക്ഷരമാലാ ക്രമമനുസരിച്ചുള്ളതാണ്. ഭാവിപഠനത്തിന്റെ അടിസ്ഥാനമുറപ്പിക്കുന്നതിന് ഭാഷയുടെ ലിഖിത ചിഹ്നങ്ങളും (ലിപി)അവയുടെ ലേഖനപദ്ധതിയും ഓരോ ചിഹ്നത്തിന്റെയും ശബ്ദ സൂചനയും കുട്ടിയെ നല്ലവണ്ണം പരിചയപ്പെടുത്തണം.

ഒരു ശബ്ദകോശത്തിൽ ഉള്ള പദങ്ങൾ വിവിധ വിഭക്തിപ്രത്യയങ്ങളും മറ്റും ചേർക്കാതെയുള്ള ശബ്ദത്തിന്റെ കേവലധാതുരൂപത്തിലായിരിക്കും. നിഷ്പന്നമാകുന്ന എല്ലാ രൂപങ്ങൾക്കുമുള്ള മാതൃകയാണ് ഏകകം. ഒരു പദം ഉൾക്കൊള്ളുന്ന എല്ലാ വ്യാകരണരൂപങ്ങളുടെയും അർഥം മനസ്സിലാക്കിയിരിക്കണം. ഭാഷയുടെ വ്യാകരണപരമായ സവിശേഷതകളുടെ അടിസ്ഥാനം നിഘണ്ടുവിൽ നല്കിയിരിക്കും; ശബ്ദകോശസമവാക്യങ്ങൾക്ക് പ്രധാനമായി നിർവചനം, വിവരണം, പര്യായങ്ങൾ എന്നിങ്ങനെയുള്ള രൂപഘടനയാണ് കാണുക. നിർവചിക്കുന്നതിനും വിവരിക്കുന്നതിനും പ്രയോജനപ്പെടുത്തിയ എല്ലാ പദങ്ങളും ഏകകങ്ങളായി നിഘണ്ടുവിൽ ഉൾപ്പെടുത്തിയിരിക്കും.

സാമാന്യവ്യവഹാരത്തിലും സവിശേഷ വ്യവഹാരത്തിലും ഉപയോഗിക്കുന്ന പദങ്ങൾ ശൈലികൾ, പ്രയോഗങ്ങൾ എന്നിവ നിഘണ്ടുവിൽ ഉൾപ്പെട്ടുകാണാം. പഴഞ്ചൊല്ലുകൾ, നാടോടിസാഹിത്യം, ദൃശ്യകല, പരമ്പരാഗതമായ ശാസ്ത്രങ്ങളും, ആചാരങ്ങളും, ചരിത്രം, പുരാണം എന്നിവയിലെ കഥകളും അവയുടെ സാംസ്കാരിക പശ്ചാത്തലവും നിഘണ്ടുവിൽ ഉൾപ്പെടുത്തിക്കാണാറുണ്ട്.

ആവശ്യങ്ങൾക്കനുസരിച്ച് ഭാഷയിൽ വ്യത്യസ്തതരം നിഘണ്ടുക്കൾ പ്രചാരത്തിലുണ്ട്.

1. ഏകഭാഷാ നിഘണ്ടു (ഉദാ: മലയാളം - മലയാളം നിഘണ്ടു, ശബ്ദതാരാവലി, ശബ്ദസാഗരം)
2. ദ്വിഭാഷാനിഘണ്ടു - ഇത് പലതരത്തിൽ കാണാം.

ഉദാ:
- i. മലയാളം - ഇംഗ്ലീഷ് നിഘണ്ടു
- ii. ഇംഗ്ലീഷ് - മലയാളം നിഘണ്ടു
- iii. ഇംഗ്ലീഷ് - ഇംഗ്ലീഷ് - മലയാളം നിഘണ്ടു
- iv. മലയാളം - മലയാളം - ഇംഗ്ലീഷ് നിഘണ്ടു

കൂടാതെ മാസങ്ങൾ, ദിവസങ്ങൾ, ഋതുക്കൾ, അളവുകൾ, തൂക്കങ്ങൾ തുടങ്ങിയവയുടെ പേരുകളും മറ്റും ഉൾപ്പെടുത്തിയ അനുബന്ധങ്ങളും ചില നിഘണ്ടുക്കളിൽ കാണാം.

അക്ഷരമാലാക്രമം ദീക്ഷിച്ചാണ് നിഘണ്ടു തയ്യാറാക്കിയിരിക്കുന്നത്. എന്നതിനാൽ നിഘണ്ടുവിന്റെ ഉപയോഗം സുഗമമാകണമെങ്കിൽ പൊതുസമ്മതമായ അക്ഷരമാലാക്രമം കുട്ടികൾ നിർബന്ധമായും അറിഞ്ഞിരിക്കണം. സാങ്കേതിക പദസൂചിയുടെ കാര്യത്തിലും ശരിയായ മുന്നറിവ് അത്യന്താപേക്ഷിതമാണ്. കാരണം സാങ്കേതിക പദങ്ങളുടെ ചുരുക്കരൂപമാണ് അതതിടങ്ങളിൽ ഉപയോഗിച്ചു കാണുക. ഉദാഹരണമായി **'അ (ഉ)'** എന്നു കണ്ടാൽ 'അ' എന്ന ശബ്ദം 'ഉപസർഗം' ആയി പ്രയോഗിക്കുമ്പോഴുണ്ടാകുന്ന പ്രത്യേകതകളാണ് തുടർന്ന് നല്കിയിരിക്കുക എന്ന് മനസ്സിലാക്കണം.

യൂണിറ്റ് - 3
ഭാഷാ ബോധനം- ഭാഷാ സമാർജനവും പഠനവും

3.1 മാതൃഭാഷാപഠനവും ഇതരഭാഷാപഠനവും

ഭാഷാബോധനത്തിന്റെ ചരിത്രം പരിശോധിച്ചാൽ ലാറ്റിൻ, സംസ്കൃതം തുടങ്ങിയ മൃതഭാഷകളുടെ ബോധനത്തിലും പഠനത്തിലും നിന്നാണ് അതിന്റെ പ്രധാന രീതികളും സങ്കേതങ്ങളും ഉരുത്തിരിഞ്ഞതെന്ന് കാണാം. ജീവൽഭാഷകൾ അഥവാ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന ഭാഷകൾ സമാർജിക്കുകയല്ലാതെ അതിനായി പ്രത്യേക പഠനം നടത്തുക എന്ന സംപ്രദായം പുരാതന കാലത്ത് നിലനിന്നിരുന്നില്ല. മതപരമായോ സാംസ്കാരികമായോ പ്രാധാന്യമുള്ള ക്ലാസ്സിക് ഭാഷകൾ (ഇവ ഏറെയും മൃതഭാഷകളായിക്കഴിഞ്ഞിരുന്നു) പഠിക്കാനായി പ്രസ്തുത ഭാഷകളിലെ പുരാതന സാഹിത്യകൃതികളെ അടിസ്ഥാനമാക്കിയുള്ള ബോധനത്തെയാണ് ആശ്രയിച്ചിരുന്നത്. ഇതു കൂടാതെ വ്യാകരണങ്ങൾ, നിഘണ്ടുക്കൾ എന്നിവയും ഈ ഭാഷകളിൽ ലഭ്യമായിരുന്നു. ഇവയുടെ അടിസ്ഥാനത്തിൽ ഭാഷയുടെ വ്യാകരണ നിയമങ്ങളിൽ നിന്ന് തുടങ്ങി, നിഘണ്ടുക്കൾ ഉപയോഗിച്ച് പദാവലീ വികസനം നടത്തുകയും, തുടർന്ന് സാഹിത്യകൃതികളുടെ വായനയും വ്യാഖ്യാനവും എന്ന രീതിയിലാണ് ഭാഷാബോധനം ചിട്ടപ്പെടുത്തിയിരുന്നത്. പിൽക്കാലത്ത് ആധുനിക വിദ്യാഭ്യാസ വ്യവസ്ഥകൾ രൂപപ്പെടുകയും ഓരോ സമൂഹത്തിലെയും നിത്യോപയോഗ ഭാഷകളും വിദ്യാഭ്യാസത്തിന്റെ ഭാഗമായിത്തിരുകയും ചെയ്തപ്പോഴും ക്ലാസ്സിക് ഭാഷകളുടെ ബോധന സമ്പ്രദായം അവയെയും ശക്തമായി സ്വാധീനിച്ചു. കാലക്രമേണ ജീവൽഭാഷകൾക്ക് വ്യത്യസ്തമായ പഠന/ബോധന രീതികൾ ഉരുത്തിരിയുകയുണ്ടായി. ഇന്ന് ഉപയോഗിച്ചുവരുന്ന ഭാഷാബോധന സമീപനങ്ങളിൽ ഇവ രണ്ടിന്റെയും സ്വാധീനം കാണാം.

ഓരോ കുട്ടിയും തന്റെ ചുറ്റുപാടിലുള്ള ഭാഷ ഔപചാരികമായ ബോധനം കൂടാതെ തന്നെ കേട്ടും പ്രയോഗിച്ചും പഠിച്ചെടുക്കുന്നു എന്നത് സാമാന്യാനുഭവമാണ്. വളരെ സങ്കീർണമായ വാക്യഘടനകളും വൈവിധ്യമാർന്ന പദാവലിയും സൂക്ഷ്മമായ അർഥങ്ങൾ വിനിമയം ചെയ്യാനുള്ള കഴിവും അദ്ഭുതകരമായ വേഗത്തിൽ കുട്ടി ആർജിക്കുന്നു. എന്നാൽ കുറച്ചു വർഷങ്ങൾക്കു ശേഷം, അല്ലെങ്കിൽ മാതൃഭാഷ മനസ്സിൽ ഉറച്ചുകഴിഞ്ഞ ശേഷം ഈ ശേഷി നഷ്ടപ്പെടുന്നു. പിന്നീട് ഒരു ഭാഷ ആർജിക്കാൻ കഴിയുകയില്ല; ബോധപൂർവമായ പഠനവും ബോധനവും വഴി മാത്രമേ മറ്റൊരു ഭാഷയിൽ പ്രാവീണ്യം നേടാൻ കഴിയൂ. അതേ സമയം, ഭാഷാ സമാർജനത്തിന്റെ ഒരു പ്രധാന ഘടകം സാഹചര്യമാണ്. ഭാഷ ആർജിക്കാനുള്ള ആന്തരിക ശേഷി നഷ്ടമായിക്കഴിഞ്ഞാലും ഒരു ഭാഷ സംസാരിക്കുന്ന സമൂഹവുമായി ഇടപഴകിക്കൊണ്ട് ഒരു രണ്ടാം ഭാഷയ്ക്കുമേൽ കുറേയൊക്കെ പ്രാവീണ്യം നേടാം. ഈ തിരിച്ചറിവ് ആധുനിക കാലത്ത് രണ്ടാം ഭാഷാപഠനത്തെ/വിദേശ ഭാഷാ പഠനത്തെ മാറ്റിമറിച്ചിട്ടുണ്ട്. ആദ്യഭാഷ ആർജിക്കുന്നു എന്നും രണ്ടാം ഭാഷ പഠിച്ചെടുക്കുന്നു എന്നുമുള്ള വീക്ഷണത്തിന് ഇന്ന് മാറ്റം വന്നിട്ടുണ്ട്. ഭാഷാ സമാർജനത്തിന്റെ രീതികൾ, അനുയോജ്യമായ സാഹചര്യങ്ങളൊരുക്കിയാൽ രണ്ടാം ഭാഷാ പഠനത്തിലും പ്രാവർത്തികമാക്കാമെന്ന വസ്തുത ഇന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

3.2 ഭാഷാബോധനം-സമീപനം, രീതി, തന്ത്രം

ഭാഷാബോധന സമ്പ്രദായങ്ങൾ വിവരിക്കുമ്പോൾ സമീപനം (approach), രീതി (method), സങ്കേതം/തന്ത്രം (techniques/strategy) എന്നിങ്ങനെ മൂന്നു തലങ്ങൾ വേർതിരിച്ചുകാണാറുണ്ട്. ഭാഷ എന്താണെന്ന വീക്ഷണത്തിൽ നിന്നു രൂപപ്പെടുന്ന ബോധന സങ്കൽപനത്തെയാണ്

സമീപനം എന്നു വിളിക്കുന്നത്. ഉദാഹരണമായി, ഘടനാധിഷ്ഠിത സമീപനത്തിന്റെ അടിസ്ഥാനം ഭാഷ എന്നാൽ ഒരു കൂട്ടം ചിഹ്നങ്ങളുടെയും അവ ഉപയോഗിക്കാനുള്ള നിയമങ്ങളുടെയും സമാഹാരമാണ് എന്ന കാഴ്ച്ചപ്പാടാണ്. ഇതിന്റെ അർഥം, ഭാഷാപ്രാവീണ്യം എന്നാൽ ഭാഷാനിയമങ്ങൾ അറിയുക എന്നതാണ്. അതിനാൽ ഈ സമീപനം ഭാഷയിലെ ഘടനകൾക്കും നിയമങ്ങൾക്കുമാണ് പ്രാധാന്യം നൽകുന്നത്. അതായത് വ്യാകരണ നിയമങ്ങൾക്കാണ് പരമ പ്രാധാന്യം.വിനിമയാധിഷ്ഠിത സമീപനം ഭാഷയെ ആശയവിനിമയത്തിനുള്ള ഒരു വ്യവസ്ഥയായി കണക്കാക്കുന്നു. അതിനാൽ, ആശയവിനിമയ ശേഷി നേടുന്നതിനാണ് ഈ സമീപനം പ്രാധാന്യം നൽകുന്നത്. രീതി (metnod) എന്നത് കൂടുതൽ സൂക്ഷമമായ ഒരു തലമാണ്. ഒരു സമീപനത്തിന്റെ ലക്ഷ്യം നേടാനുള്ള വഴിയാണ് രീതി. ഒരു സമീപനത്തിനുള്ളിൽ പല രീതികളും ഉണ്ടാകാം. അതായത് ഒരു ലക്ഷ്യത്തിലേക്ക് പല മാർഗങ്ങൾ. ഉദാഹരണമായി, ഭാഷയിലെ ഘടനകളും നിയമങ്ങളും പല രീതിയിൽ നേടാം. വ്യാകരണ നിയമങ്ങളുടെ നേരിട്ടുള്ള പഠനം വഴിയും, വിവിധ ഘടനകളെ ആസ്പദമാക്കിയുള്ള അഭ്യാസങ്ങൾ വഴിയും ഇത് സാധിതമാകും. ഇത് ഓരോന്നും ഓരോ രീതിയാണ്. ഒരു പ്രത്യേക ശേഷി നേടാൻ വേണ്ടിയുള്ള നിശ്ചിത പ്രവർത്തനമാണ് സങ്കേതം/തന്ത്രം. ഉദാഹരണമായി, അക്ഷരരൂപത്തെക്കുറിച്ച് ധാരണയുണ്ടാക്കാനായി കുട്ടികളെ ഇരട്ട വരയിട്ട അക്ഷരരൂപങ്ങൾക്കകത്ത് എഴുതിക്കുന്നത് ഒരു ബോധനതന്ത്രമാണ്. ഉച്ചാരണപരിശീലനത്തിൽ അൽപതമ ജോഡികൾ ആവർത്തിച്ചുവായിക്കുന്നത് ഒരു തന്ത്രമാണ്.

3.3 ഭാഷാബോധനത്തിലെ രണ്ടു ധാരകൾ-ഘടനാധിഷിഠിത സമീപനം, വിനിമയാധിഷ്ഠിത സമീപനം

മതപരമായോ സാംസ്കാരികമായോ പ്രാധാന്യമുണ്ടായിരുന്ന മൃതഭാഷകളുടെ ബോധനത്തിനു വേണ്ടി രൂപപ്പെടുത്തിയ രീതികളിൽ നിന്ന് ഉണ്ടായതാണ് ഘടനാധിഷ്ഠിത സമീപനം. (structural approach,) ഭാഷയിലെ അടിസ്ഥാന വ്യാകരണ നിയമങ്ങൾ പഠിക്കുക, അവ ഉപയോഗിച്ച് വാക്യങ്ങൾ നിർമിക്കുക, നിഘണ്ടു ഉപയോഗിച്ച് പുതിയ പദങ്ങൾ പഠിച്ച് വാക്യങ്ങൾ വികസിപ്പിക്കുക-ഇതാണ് ഘടനാധിഷ്ഠിത സമീപനത്തിന്റെ അടിസ്ഥാനം. വ്യത്യസ്ത സന്ദർഭങ്ങളിൽ ആശയവിനിമയം നടത്താൻ ആവശ്യമായ ഘടനകൾ ആർജിക്കുകയും പ്രസ്തുത സന്ദർഭത്തിൽ അത് പ്രയോഗിക്കാൻ കഴിയുകയും ചെയ്യുന്നതിനാണ് വിനിമയാധിഷ്ഠിത സമീപനത്തിൽ (communicative approach) പ്രാധാന്യം നൽകുന്നത്. ആശയവിനിമയശേഷി വളർത്താനാണ് ഇവിടെ ശ്രമിക്കുന്നത്. ഇത് ജീവൽഭാഷകളുടെ പഠനപാരമ്പര്യത്തിൽ നിന്ന് ഉണ്ടായിട്ടുള്ള സമീപനമാണ്. ആധുനിക കാലത്തെ ഭാഷാബോധന സമീപനങ്ങൾ അടിസ്ഥാനപരമായി വിനിമയാധിഷ്ഠിത സമീപനത്തിനു പ്രാധാന്യം നൽകുന്നു. എന്നാൽ, ഘടനാധിഷ്ഠിത സമീപനങ്ങളുടെ ചില ഘടകങ്ങളെ അനുയോജ്യമായ സന്ദർഭങ്ങളിൽ സന്നിവേശിപ്പിച്ചിരിക്കുന്നു.

3.4 ഭാഷാനൈപുണികളുടെ ബോധനം-വ്യതിരിക്ത ബോധനം, സമഗ്രബോധനം-സമഗ്രഭാഷാബോധനം

സമഗ്രഭാഷാ ബോധനം (Whole language approach)

സമീപകാലത്ത് രൂപം കൊണ്ട ഒരു ഭാഷാബോധന സമീപനമാണിത്. അടിസ്ഥാന നൈപുണികൾ പ്രത്യേകം പ്രത്യേകമായി പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക, ക്രമേണ സമഗ്രഭാഷാ അനുഭവങ്ങളിലേക്ക് പഠിതാവിനെ നയിക്കുക എന്ന പരമ്പരാഗത രീതിയിൽനിന്നു വ്യത്യസ്തമായ ഒരു സമീപനമാണിത്. ബോധനത്തെയും പഠനത്തെയും കുറിച്ച്

പല വിഷയമേഖലകളിൽ ആധുനിക കാലത്ത് ഉണ്ടായിട്ടുള്ള തിരിച്ചറിവുകൾ ഈ സമീപനത്തിൽ പ്രയോജനപ്പെടുത്തിയിരിക്കുന്നു. സമഗ്രഭാഷാ സമീപനം മുഖ്യമായി ഊന്നൽ നൽകുന്നത്, വായനയിലൂടെ അർഥം സൃഷ്ടിക്കുകയും ലേഖനത്തിലൂടെ അർഥം പ്രകടിപ്പിക്കുകയും ചെയ്യുക എതിനാണ്. ജ്ഞാനനിർമിതി വാദത്തിലെ രീതികൾ തന്നെയാണ് ഇതിനായി പ്രധാനമായി ഉപയോഗിക്കുത്. പാഠത്തിന് പഠിതാവ് നൽകുന്ന വ്യാഖ്യാനം എന്നതിന് ഇവിടെ പ്രാമുഖ്യം നൽകിയിരിക്കുന്നു ('ശരിയായ' വ്യാഖ്യാനം എന്ത് എന്നതിനെക്കുറിച്ച് അധ്യാപകന്റെ ധാരണ അടിച്ചേൽപ്പിക്കുകയോ അതിലേക്ക് നയിക്കുകയോ അല്ല). അതുപോലെ, ലേഖന പ്രവർത്തനങ്ങളിലൂടെ വിദ്യാർഥിയുടെ സ്വതന്ത്രമായ ആശയാവിഷ്കരണവും സമഗ്രഭാഷാ ബോധനത്തിൽ പ്രധാന പഠനാനുഭവം ആണ്. ഇതിനായി വിദ്യാർഥികളുടെ ദിവസക്കുറിപ്പുകൾ ഉപയോഗിക്കാൻ ഈ സമീപനത്തിന്റെ വക്താക്കൾ നിർദേശിക്കുന്നു. പരമ്പരാഗത ബോധന സമീപനങ്ങൾ പഠിതാവിനു വേണ്ടി പ്രത്യേകം തയ്യാറാക്കിയതും അവരുടെ ബൗധിക നിലവാരത്തിന് അനുയോജ്യമെന്ന കരുതപ്പെടുതും ആയ പഠന സാമഗ്രികൾ നിർദേശിക്കുമ്പോൾ, സമഗ്രഭാഷാ ബോധനത്തിന്റെ വക്താക്കൾ, ഉയർ നിലവാരം പുലർത്തുന്ന സാഹിത്യകൃതികൾ പഠനത്തിന് ഉപയോഗിക്കാൻ നിർദേശിക്കുന്നു. സാംസ്കാരികമായി വൈവിധ്യം പുലർത്തുന്ന സാഹിത്യത്തിനും ഇവിടെ പ്രാധാന്യം നൽകിയിരിക്കുന്നു. ഭാഷാശേഷികളും സാക്ഷരതയും ഭാഷാവിഷയങ്ങളിൽ മാത്രം ഒതുക്കിനിർത്താതെ ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിലേക്കും വ്യാപിപ്പിക്കുന്ന ഒരു സമീപനം ആണ് സമഗ്ര ഭാഷാബോധനത്തിൽ സ്വീകരിച്ചിരിക്കുത്. വായനാ പ്രവർത്തനങ്ങൾക്ക് പരമാവധി പ്രാധാന്യം നൽകുന്ന ഒരു സമീപനമാണിത്. പഠിതാക്കൾ സ്വയം വായിക്കുതുപോലെ അധ്യാപകർ അവർക്ക് വായിച്ചുകൊടുക്കുന്നതും പ്രധാനമാണ്. സാങ്കൽപ്പികമായ പഠനദൗത്യങ്ങളെക്കാൾ, നിത്യജീവിത സന്ദർഭങ്ങളിലെ പ്രശ്നങ്ങൾ ലേഖനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നു. സാഹിത്യം വായന എിവ നൽകുന്ന ഉത്തേജനത്തെ ബോധനത്തിനും പഠനത്തിനും പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പുസ്തകങ്ങളോടും വായനയോടും പഠിതാക്കളിൽ അഭിനിവേശം വളർത്താനായിട്ടാണ് പല പ്രവർത്തനങ്ങളും നിർദേശിക്കുന്നത്. അർഥപൂർണമായ പഠനാനുഭവങ്ങൾക്ക് പ്രാധാന്യം നൽകുകതിനാൽ സമഗ്ര ഘടകങ്ങളിൽ നിന്ന് ലളിത ഘടകങ്ങളിലേക്ക് പോകുന്ന സമീപനമാണ് ഇതിൽ നിർദേശിച്ചിരിക്കുത്.

പ്രവർത്തനങ്ങൾ

1. ഒന്നാം ക്ലാസ്സിൽ പഠനം ആരംഭിക്കനുന്ന വിദ്യാർഥികളുടെ ഭാഷാനൈപുണികൾ കണ്ടെത്താനായി വിവിധശേഷികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ചെക്ക്ലിസ്റ്റ് തയ്യാറാക്കുക.
2. ഒന്നാം ക്ലാസ്സിൽ എത്തുന്ന എത്ര വിദ്യാർഥികൾ അതിനുമുൻപ് ഇംഗ്ലീഷോ മറ്റേതെങ്കിലും ഭാഷയോ പഠിച്ചിട്ടുണ്ടെന്ന് കണ്ടെത്താനായി ഒരു സർവേ നടത്തുക.
3. ഏറ്റവും കൂടുതൽ ഉച്ചാരണ പ്രശ്നങ്ങൾ ഉണ്ടാകുന്ന ശബ്ദങ്ങൾ ഏതൊക്കെയാണെന്ന് അധ്യാപകരുമായി ആശയവിനിമയം നടത്തി കണ്ടെത്തുക. കാരണങ്ങൾ ചർച്ച ചെയ്ത് കുറിപ്പു തയ്യാറാക്കുക.
4. സംസ്കൃതത്തിൽ നിന്ന് കടംകൊണ്ട ശബ്ദങ്ങളുടെ ഉച്ചാരണം പരിശീലിപ്പിക്കാൻ ആവശ്യമായ പദങ്ങളുടെ പട്ടിക തയ്യാറാക്കുക.
5. നിലവിലുള്ള പാഠപുസ്തകങ്ങൾ, അധ്യാപക സഹായികൾ എന്നിവ പരിശോധിച്ച് അടിസ്ഥാന നൈപുണികൾ പരിശീലിപ്പിക്കാനായി നിർദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ കണ്ടെത്തി വിശകലനം ചെയ്യുക. നൈപുണികളുടെ വികാസത്തിന് അവ എത്രത്തോളം

പര്യാപ്തമാണെന്നു ചർച്ച ചെയ്യുക.

6. പ്രൈമറി തലത്തിലെ വിദ്യാർഥികളുടെ ഉച്ചാരണത്തിൽ പ്രാദേശികഭാഷകളുടെ സ്വാധീനം എത്രത്തോളം ഉണ്ടെന്നു കണ്ടെത്താനായി ഒരു ടെസ്റ്റ് ആവിഷ്കരിക്കുക.

ചോദ്യങ്ങൾ

1. ഒന്നാം ഭാഷ അടിസ്ഥാനപരമായി സമാർജനം ചെയ്യപ്പെടുന്നതാണ്. അതേ സമയം ഔപചാരിക പഠനം എന്നതും ഭാഷാശേഷി വികസനത്തിന് ആവശ്യമാണ്. വിശദീകരിക്കുക.
2. സമഗ്ര ഘടകങ്ങളിൽ നിന്ന് ലളിത ഘടകങ്ങളിലേക്ക്, ലളിത ഘടകങ്ങളിൽ നിന്ന് സമഗ്ര ഘടകങ്ങളിലേക്ക് ഈ രണ്ടു സമീപനങ്ങൾ വിശദീകരിച്ച് ഓരോന്നിന്റെയും ഗുണങ്ങൾ വിലയിരുത്തുക.
3. സമീപനം, രീതി, തന്ത്രം എന്നിവ തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക.
4. ഘടനാധിഷ്ഠിത സമീപനം, ആശയവിനിമയാധിഷ്ഠിത സമീപനം ഇവ തമ്മിലുള്ള വ്യത്യാസം ഉദാഹരണങ്ങളോടെ വ്യക്തമാക്കുക.
5. മലയാളത്തിന്റെ അക്ഷരമാലയും എഴുത്തുരീതിയും വായനയിലും ലേഖനത്തിലും ഉയർത്തുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുക.
6. അർഥഗ്രഹണം പദാവലിയുടെ ബോധനത്തിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്ന് വിശദീകരിക്കുക.

യൂണിറ്റ് - 4
ബോധനശാസ്ത്രപരമായ അപഗ്രഥനവും ആസൂത്രണവും

4.1. ബോധനശാസ്ത്രപരമായ അപഗ്രഥനവും പാഠാസൂത്രണവും

ഒരു ഭാഷാപാഠം ആശയഗ്രഹണത്തോടൊപ്പം ആസ്വാദന സാധ്യതകൾ തുറന്നിടുന്നതായിരിക്കും. ഉള്ളടക്കത്തിന്റെ ഭാവനാംശവും ആവിഷ്കരണ രീതിയും അതിനുപയോഗിച്ച ഭാഷാ സവിശേഷതകളും ചേർന്നായിരിക്കും അതിന് ആസ്വാദ്യത കൈവരുത്തുന്നത്. അനുവാചകന്റെ അറിവും ഭാവനയും സൃഷ്ടിയുമായി എത്രത്തോളം സാത്മീകരിക്കുമോ അത്രത്തോളം ആസ്വാദനത്തിന്റെ ആഴം കൂടും. ഒരു പാഠത്തെ വിനിമയ സന്നദ്ധമാക്കുമാറ് അധ്യാപക വിദ്യാർഥി ഉൾക്കൊള്ളുമ്പോൾ മേൽപ്പറഞ്ഞ കാര്യങ്ങളാണ് അവനിൽ നടക്കുന്നത്. അതിന് ആ വിദ്യാർഥിയുടെ ഒരുക്കം വളരെ പ്രധാനമാണ്. വിനിമയം ചെയ്യാനുദ്ദേശിക്കുന്ന പാഠത്തെ വിശദവിശകലനത്തിനു വിധേയമാക്കുകയാണ് അതിന്റെ ആദ്യ പടി. വിശകലനം വഴി എന്തൊക്കെയാണ് കണ്ടെത്തേണ്ടത്?

- വിശകലന വിധേയമാക്കുന്ന പാഠം വിനിമയം ചെയ്യുന്നതിന്റെ ഫലമായി പഠിതാവിൽ എന്തൊക്കെ മനഃപരിവർത്തനങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്? (മൂല്യങ്ങൾ, മനോഭാവങ്ങൾ, ആശയങ്ങൾ, നൈപുണികൾ)
- ആസ്വാദ്യമാക്കുന്ന ഘടകങ്ങളെന്തൊക്കെയാണ്? (ആവിഷ്കരിച്ചിരിക്കുന്ന രീതിയുടെ വ്യത്യസ്തത, ആശയങ്ങളിലെ അപൂർവത(നൂതനത), പദങ്ങളുടെ ചേരുവകൾ, പ്രയോഗവിശേഷങ്ങൾ)
- കണ്ടെത്തിയ ഘടകങ്ങൾ വിനിമയം ചെയ്യുന്നതിന് അവലംബിക്കാവുന്ന പ്രവർത്തനങ്ങൾ/ തന്ത്രങ്ങൾ (ഉദാ: ഒരു കവിതാ പാഠത്തിൽ; ഈണത്തിൽ ചൊല്ലി ആസ്വദിക്കൽ, കവിതയിലെ ആശയ്ങ്ങളുടെ അപഗ്രഥനം, ഇതേ ആശയങ്ങൾ ആവിഷ്കരിക്കുന്നതിന് ഇതര കവികൾ ഉപയോഗിച്ച രീതികൾ പരിചയിക്കൽ, ആസ്വാദ്യകരമായി ആവിഷ്കരിക്കുന്നതിനുപയോഗിച്ച തന്ത്രങ്ങൾ (അലങ്കാരങ്ങൾ, പ്രാസ വിശേഷങ്ങൾ....) കണ്ടെത്തൽ, മറ്റുവിധത്തിൽ ആവിഷ്കരിക്കാൻ ശ്രമിക്കൽ

പഠനപ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ നാം ലക്ഷ്യമിട്ട ആസ്വാദനം ഓരോ ഘട്ടത്തിലും നടന്നിരുന്നോ എന്ന് മനസ്സിലാക്കുന്നതിനുള്ള അവസരവും തന്ത്രവും ആലോചിച്ച് അതാതിടത്ത് രേഖപ്പെടുത്തുക കൂടി ചെയ്യുമ്പോൾ പഠനം നടന്നുവെന്നുറപ്പിക്കാനുള്ള ആസൂത്രണമായി.

മേൽസൂചിപ്പിച്ച കാര്യങ്ങൾ പാഠാസൂത്രണം വഴി കണ്ടെത്തിയത് എങ്ങനെ രേഖപ്പെടുത്തും? പേപ്പർ-2 ൽ കൊടുത്തിട്ടുള്ള രൂപരേഖ കാണുക. ബോധനശാസ്ത്രപരമായ അപഗ്രഥനം പരിചയപ്പെടാനായി ഒരു യൂണിറ്റ് പൊതു ചർച്ചയിലൂടെ അധ്യാപകന്റെ നേതൃത്വത്തിൽ ക്ലാസ്സിൽ ചർച്ച ചെയ്യാം.(ംവീഹല രഹമമൈ മരശേ്യ്യേ) ഗ്രൂപ്പു തലത്തിൽ ഒരു യൂണിറ്റു കൂടി അപഗ്രഥനം നടത്തി ആസൂത്രണം ചെയ്യുക. ഈ പ്രക്രിയ പൂർണമായും ബോധ്യപ്പെട്ട ശേഷം വ്യക്തി തലത്തിൽ ഓരോ അധ്യാപക വിദ്യാർഥിയും സ്വന്തമായും സ്വതന്ത്രമായും ബോധനപരമായ അപഗ്രഥനം നടത്തി യൂണിറ്റ് ആസൂത്രണം ചെയ്യേണ്ടതാണ്.

4.2. ക്ലാസ്സ് നിരീക്ഷണം

പല തലങ്ങളിൽ ക്ലാസ് നിരീക്ഷിക്കാനുള്ള അവസരം അധ്യാപക വിദ്യാർഥിക്കു നൽകണം. ടീചർ എഡ്യൂക്കേറ്റർമാർ, പ്രാക്ടീസിങ് ടീച്ചർ, സഹപഠിതാക്കൾ എന്നിവരുടെ ക്ലാസ്സുകൾ നിരീക്ഷിക്കാൻ അവസരം ലഭിക്കണം. നിരീക്ഷിച്ചു ബോധ്യപ്പെട്ട കാര്യങ്ങൾ അധ്യാപക വിദ്യാർഥികളുടെ ബോധനനൈപുണി വർധിപ്പിക്കുമെന്നതിന് സംശയമില്ല. ഓരോ തൽത്തിലുമുള്ള നിരീക്ഷണം സൂക്ഷ്മമാക്കിക്കൊണ്ടിരിക്കണം. നിയതമായ സൂചകങ്ങളെ അടിസ്ഥാനമാക്കി നിരിക്ക്ഷണം നടത്തുമ്പോൾ അത് കാര്യക്ഷമവും അനായാസവും ആയിത്തിരൂന്നു. സൂചകങ്ങൾ തയ്യാറാക്കുന്നതിന് സഹായകമായ ഘടകങ്ങൾ താഴെ ചേർത്തിരിക്കുന്നു. ഇവ് പ്രയോജനപ്പെടുത്തി ഓരോ കുട്ടിയും നിരീക്ഷണ സൂചകങ്ങൾ വികസിപ്പിക്കാൻ ശ്രമിക്കണം. ഇതിലൂടെ ഒരു സ്വയം വിലയിരുത്തലും സാധ്യമാകും.

ക്ലാസ്സ് നിരീക്ഷണം- നിരീക്ഷണവിധേയമാക്കേണ്ട ഘടകങ്ങൾ

1. അധ്യാപകൻ/അധ്യാപിക
   - സൗഹൃദപരമായി ഇടപെടുന്നു.
   - ശബ്ദം, ഭാവം, ഉചിതമായിരുന്നു.
   - ഭാഷാപ്രയോഗം കുട്ടികൾക്ക് ഹൃദ്യമാവുന്നതാണ്.
   - Interaction - ഇടപെടൽ ഉചിതമായി (ലഘുചോദ്യങ്ങൾ, ആംഗ്യങ്ങൾ
   - ക്ലാസ്സിലെ ചലനം, നില്പ് തുടങ്ങിയവ.
   - ഉദ്ദേശ്യാധിഷ്ഠിതമായിരുന്നോ?
   - കുട്ടികൾക്ക് താല്പര്യം ജനിക്കുന്നതായിരുന്നോ?
   - സമയ ബന്ധിതമായിരുന്നുവോ?
   - സഹകരണസാധ്യതകൾ - എത്രത്തോളം
   - സഹവർത്തിത സാധ്യതകൾ
   - കുട്ടികൾക്ക് ഏറ്റെടുക്കാവുന്ന തലമുള്ളതാണോ?
   - സ്വതന്ത്രമായി അഭിപ്രായ പ്രകടനം നടത്തുന്നു.
   - ആശയങ്ങൾ പങ്കുവയ്ക്കുന്നു.
   - സംശയങ്ങൾ ഉന്നയിക്കുന്നു.
   - നിർദ്ദേശാനുസരണം പ്രവർത്തിക്കുന്നു.

4.3. കവിത-വർഷാഗമം

ചിന്നിത്തെറിക്കും നറുമുത്തുപോലെ
നീളുന്ന വെള്ളിത്തെളിനൂലുപോലെ
ആകാശഗംഗാ പ്രസരങ്ങൾ പോലെ
യാഹാ ! പതിപ്പൂ പുതുവർഷതോയം

വീഴും മഴത്തുള്ളികളുമ്മവെച്ചു
വരണ്ട മണ്ണിൻ മണമുദ്വമിക്കെ
പച്ചപ്പൊടിപ്പുല്ലു കിനാവുകണ്ടു
പശുക്ക 'ഉമ്പാ' രവമേറ്റിടുന്നു

മുറ്റത്തു വൈക്കോൽത്തുറു സജ്ജമാക്കി-
യറയ്ക്കകം നെല്ലു നിറച്ചൊരുക്കി

മേഘപ്പുലക്കള്ളികൾ വിത്തുവീശും
മേളത്തെ നോക്കുന്നു കൃഷീവലൻമാർ

പിച്ചിക്കിളം മൊട്ടുകൾ പൊട്ടുമാറ്
പെയ്തേറും തൂമഴയുറ്റുനോക്കി
കിനാവു കാണുന്നു തനിച്ചു വീട്ടിൽ
ജനാലയിൽ കോമള കുഡ്മളങ്ങൾ

ചക്കപ്പഴത്തിൻ മകരന്ദഗന്ധം
ചേരും മണിക്കൈകൾ കൊണ്ടിദാനീം
ചാതുര്യമോടെ കടലാസ്സുവഞ്ചി
ചമച്ചിടുന്നു ചെറുബാലകൻമാർ
****

നിരന്തരം നൂതനവർഷധാരാ-
തന്ത്രീഗളൽഗാനനിലീനയായി
നൃത്തംചവിട്ടിത്തളിർമൈ തളർന്ന
മത്തൂലികേ നീയുമുറങ്ങിയാലും.

ബോധനശാസ്ത്രപരമായ അപഗ്രഥനം (മാതൃക)

A. പ്രാഥമിക വിവരങ്ങൾ

സ്ഥാപനത്തിന്റെ പേര് :
അധ്യാപക വിദ്യാർഥിയുടെ പേര് :
വിഷയം :
ക്ലാസ്സ് :
യൂണിറ്റ് :
സമയം :

B.ഉദ്ദേശ്യങ്ങൾ :

i. ആശയപരം :-

- കാർഷിക സംസ്കാരത്തിന്റെ അടയാളങ്ങൾ തിരിച്ചറിയുന്നതിന്
- മഴ മണ്ണിലും മനസിലും നിറയ്ക്കുന്ന പ്രതീക്ഷകൾ ഉൾക്കൊള്ളുന്നതിന്
- മഴ പ്രകൃതിയിൽ വരുത്തുന്ന മാറ്റങ്ങൾ നിരീക്ഷിക്കുന്നതിന്

ii. ഭാഷാപരം :-

- ഭാവത്തിന് ഇണങ്ങുന്ന ഈണം കണ്ടെത്തി കവിത വായിക്കുന്നതിനും ആസ്വദിക്കുന്നതിനും
- മഴ കേന്ദ്രാശയമായി വരുന്ന കവിതകൾ കണ്ടെത്തി ആസ്വദിക്കുന്നതിന്
- പ്രകൃതി പ്രതിഭാസങ്ങളിൽ മാനുഷിക ഭാവം കലർത്തി അവതരിപ്പിക്കുന്ന കാവ്യരചനകൾ ആസ്വദിക്കുന്നതിന്
- കവിതയിൽ ധ്വന്യാത്മകയുടെ ചാരുത എന്തെന്ന് മനസ്സിലാക്കുന്നതിനും ആസ്വദിക്കുന്നതിനും.
- സമസ്ത പദങ്ങളുടെ ധ്വനിമൂല്യവും ആശയസൗന്ദര്യവും അപഗ്രഥിച്ച് ആസ്വദിക്കുന്നതിന്.

iii. മൂല്യപരം :-

- മഴയോട് അനുകൂല മനോഭാവം പുലർത്തുന്നതിന്
- അനുഭവിച്ച വിഷയങ്ങളെ കാവ്യാത്മകമായി ആവിഷ്കരിക്കുന്നതിന്

ഉള്ളടക്കം	വിനിമയതന്ത്രങ്ങൾ/പ്രക്രിയ	മൂല്യനിർണയം
• മഴയനുഭവങ്ങൾ മറ്റുള്ളവരുടെ ദൃഷ്ടയിൽ	• എഴുത്തുകാരുടെ മഴസ്മരണകൾ കേൾപ്പിക്കൽ/വായിക്കൽ - ഉള്ളടക്ക വിശകലനം 'വർഷാഗമം' എന്ന കവിത (i) വ്യക്തിഗത വായന (ii) ഗ്രൂപ്പുകളിൽ വായന ഈണം കണ്ടെത്തൽ - അവതരണം. പ്രധാന ആശയങ്ങൾ പങ്കുവയ്ക്കൽ	• മഴയനുഭവത്തിലെ മഴ - ചർച്ചയിലെ പങ്കാളിത്തം മെച്ചപ്പെട്ട ഈണം ഗ്രൂപ്പിൽ കണ്ടെത്തുന്നു. • അനുയോജ്യമായ താളം. ഈണം • അർത്ഥവ്യക്തതയോടെയുള്ള പദവിച്ഛേദം • ഭാവവ്യക്തതയുള്ള അലാപനം
• കവിതയിലെ പ്രധാന ആശയങ്ങൾ - മഴ - ആഹ്ലാദകരമായ ഒരനുഭവം - പ്രകൃതിയിൽ വരുത്തുന്ന മാറ്റങ്ങൾ - പ്രകൃതിയിൽ വരുത്തുന്ന മാറ്റങ്ങൾ - ജീവജാലങ്ങളിൽ ഉണ്ടാക്കുന്ന വികാരവിചാരങ്ങൾ	- പ്രധാനാശയങ്ങൾ പങ്കുവയ്ക്കൽ - പ്രധാനാശയസംബന്ധമായ ചോദ്യങ്ങളോട് പ്രതികരിക്കൽ - കവിതയിൽ പരാമർശിക്കപ്പെടുന്ന ആളുകൾ ആരൊക്കെ? - പരാമർശിക്കപ്പെടുന്ന ജീവികൾ ഏതൊക്കെ?	
• മഴയുടെ ദൃശ്യാശ്രാവ്യസ്പർശ ഗന്ധഅനുഭവങ്ങൾ - കിളിർക്കുന്ന പുൽനാമ്പുകൾ	- പ്രകൃതിയിൽ കാണുന്ന മാറ്റങ്ങൾ എന്തൊക്കെ? മഴയനുഭവുമായി ബന്ധപ്പെട്ട പദങ്ങൾ/പദച്ചേരുവകൾ കവിതയിൽനിന്ന് കണ്ടെത്തൽ	മഴയുണർത്തുന്ന ഇന്ദ്രിയാനുഭവം പ്രകടമാക്കുന്ന പദങ്ങൾ, പ്രയോഗങ്ങൾ എത്രമാത്രം കണ്ടെത്താൻ കഴിയുന്നു.

ഉള്ളടക്കം	വിനിമയതന്ത്രങ്ങൾ/പ്രക്രിയകൾ	മൂല്യനിർണയം
– മൊട്ടിടുന്ന പിച്ചിച്ചെടി – മണ്ണിന്റെ മണം – ചക്കപ്പഴത്തിന്റെ ഗന്ധം – മഴത്തുള്ളികളുമ്മവയ്ക്കൽ		
• മഴയുണർത്തുന്ന ചിന്തകൾ – പശുക്കളുടെ കിനാവ് – കൃഷിവലന്റെ നിരീക്ഷണം – കുട്ടികളുടെ വിനോദം – കവിയുടെ കാവ്യപ്രചോദനം	മഴ മനുഷ്യഭാവനയെ ഉദ്ദീപിപ്പിക്കുന്നതിനുള്ള ഉദാഹരണങ്ങൾ കവിതയിൽ നിന്ന് കണ്ടെത്തുന്നു.	• കണ്ടെത്തുന്ന ഉദാഹരണങ്ങളുടെ സാംഗത്യം/ പ്രസക്തി
• പ്രയോഗഭംഗികൾ ആസ്വദിക്കുന്നു. – മേഘപ്പൂലക്കള്ളികൾ – കോമളകുഡ്മളങ്ങൾ – നൃത്തം ചവിട്ടിത്തളിർമെയ് തളർന്ന തൂലിക.	ഈ പദങ്ങൾ അർത്ഥമാകുന്നതെന്ത്? ഈ പദച്ചേരുവകൾ കവിതയിൽ പ്രവർത്തിക്കുന്നതെങ്ങനെ? – സൗന്ദര്യാംശങ്ങൾ അപഗ്രഥിക്കുന്നു. ആശയങ്ങൾ ഗ്രൂപ്പിൽ പങ്കുവയ്ക്കുന്നു.	• പരസ്പര വിലയിരുത്തൽ (സൗന്ദര്യാംശങ്ങൾ എത്രത്തോളം കണ്ടെത്താൻ കഴിയുന്നു)

ഉള്ളടക്കം	വിനിമയതന്ത്രങ്ങൾ/പ്രക്രിയകൾ	മൂല്യനിർണയം
വ്യംഗ്യാർത്ഥങ്ങൾ/ധ്വനി കണ്ടെത്തുന്നു. " ചിന്നിത്തെറിക്കും................................. പുതുവർഷ തോയം" " മുറ്റത്തുവെയ്ക്കോൽ................................. കൃഷിവലന്മാർ" " പിച്ചിക്കിളം... കോമള കുഡ്മള ങ്ങൾ" " നിരന്തരം .... മത്തു ലികേ" മറ്റൊരു തലക്കെട്ട്	" പലതുള്ളിപ്പെരുവെള്ളം' - മഴ 'വളരുന്നത്' കവി 'തൊട്ടു'കാണിക്കുന്നതെങ്ങനെ? മഴയെ കാണിക്കുന്ന കൃഷിക്കാരന്റെ ഒരുക്കം, വിത്തുവീശുന്ന മേളം - ഇവ നൽകുന്ന സാംസ്കാരിക അടയാളം - ചർച്ച കൗമാരസ്വപ്നങ്ങളെ പുഷ്പിപ്പിക്കാൻ മഴയൊരുക്കുന്ന പശ്ചാത്തലം - ചർച്ച നൃത്തം, നർത്തകി, ഗാനം - ഇവ ധ്വനിപ്പിക്കുന്ന ഭാവസൗന്ദര്യം വിശകലനം ചെയ്യുന്നു. ആസ്വാദന കുറിപ്പ് തയ്യാറാക്കുന്നു. കവിത ആസ്വദിച്ചതിന്റെ വെളിച്ചത്തിൽ സ്വന്തം ഭാവനയ്ക്കും കവിതയുടെ ആശയത്തിനും ഇണങ്ങുന്ന തലക്കെട്ട് നൽകുന്നു; ഔചിത്യം വിശദീകരിക്കുന്നു.	• പരസ്പരം വിലയിരുത്തൽ (കണ്ടെത്തിയ ധ്വന്യാംശം ഗ്രൂപ്പിൽ കൈമാറി വിലയിരുത്തുന്നു. • സ്വയം വിലയിരുത്തൽ • സൂചകങ്ങൾ അടിസ്ഥാനമാക്കി ആസ്വാദനക്കുറിപ്പ് വിലയിരുത്തൽ. • പരസ്പര വിലയിരുത്തൽ

ഉള്ളടക്കം	വിനിമയതന്ത്രങ്ങൾ/പ്രക്രിയകൾ	മൂല്യനിർണയം
• മഴകാത്തുകിടക്കുന്ന വേനൽപ്പാടം	" ചുണ്ടും പിളർത്തി ചുരുളൻ മുടിയുമായ് മുണ്ടകപ്പാടങ്ങൾ കാത്തുകിടക്കയാം" (കറുത്തചെട്ടിച്ചികൾ - ഇടശ്ശേരി) വേനൽ - ദൃശ്യ ശ്രാവ്യ അനുഭവങ്ങൾ ചർച്ച. ആശയക്രോഡീകരണത്തിനുശേഷം മഴ കാത്തുകിടക്കുന്ന മണ്ണ്' ഉണർത്തുന്ന ചിന്തകൾ സ്വന്തം വരികളിൽ ആവിഷ്കരിക്കാൻ അവസരം ഒരുക്കുന്നു.	• മികച്ച സൃഷ്ടികൾ കണ്ടെത്തൽ 'എന്റെ മഴ' (കവിതാപ്പതിപ്പ്)
• മറ്റു കവികളുടെ വരികൾ	സമാന വരികൾ - കണ്ടെത്തുന്നു. താരതമ്യം ചെയ്യുന്നു. ആസ്വാദനം മെച്ചപ്പെടുത്തുന്നു.	ആസ്വാദനകുറിപ്പ് സ്വന്തമായും പരസ്പരമായും വിലയിരുത്തുന്നു.